SOORYAKANTHI

G. S. KURUP

O32:1M934:13 K9

O32:1M984:13
K9

M U L
288514

324

# സൂര്യകാന്തി

134

UNIVERSITY LIBRARY
21 FEB 1975
MADRAS

ശ്രീ

(Malayalam)

# Sooryakanthi

Poems

**By G. SANKARA KURUP**
Bhadralayam, Ernakulam

First Published March 1933
Eighth Impression June 1969
Printed at
INDIA PRESS, KOTTAYAM
Price Rs. 1.50

Copyright
G. Sankara Kurup

Publishers:
**Sahitya Pravarthaka Co-operative Society Ltd., Kottayam, Kerala State**
Sales Department:
NATIONAL BOOK STALL
**Kottayam Kerala State India**

288514
032:1M984:13
K9

# സൂര്യകാന്തി

(കവിതകൾ)

ജി. ശങ്കരക്കുറുപ്പ്

പ്രസാധകന്മാർ

സാഹിത്യപ്രവത്തക സഹകരണസംഘം

നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം

വില ക. 1.50

## ജി.യുടെ കൃതികൾ

| | |
|---|---|
| അന്തർദാഹം | (കവിതകൾ) |
| ചെങ്കതിരുകൾ | ,, |
| നവാതിഥി | ,, |
| ഇതളുകൾ | ,, |
| സാഹിത്യകൗതുകം (4 ഭാഗങ്ങൾ) | ,, |
| സൂര്യകാന്തി | ,, |
| പൂജാപുഷ്പം | ,, |
| പഥികന്റെ പാട്ട് | ,, |
| നിമിഷം | ,, |
| മുത്തുകൾ | ,, |
| വെള്ളിൽപ്പറവകൾ | ,, |
| വിശ്വദർശനം | ,, |
| പാഥേയം | ,, |
| വനഗായകൻ | ,, |
| ഓടക്കുഴൽ | ,, |
| മധുരം, സൗമ്യം, ദീപ്തം | ,, |
| മൂന്നരുവിയും ഒരു പുഴയും | ,, |
| ജീവനസംഗീതം | ,, |
| വിലാസലഹരി (തർജ്ജമ) | (ഖണ്ഡകാവ്യം) |
| മേഘച്ഛായ ,, | ,, |
| ഇരുട്ടിനുമുമ്പ് | (നാടകം) |
| മദ്ധ്യമവ്യായോഗം (തർജ്ജമ) | ,, |
| മരിക്കാനും പിറക്കാനും പേടി (തർജ്ജമ) | ,, |
| സന്ധ്യ | ,, |
| ആഗസ്റ്റ് 15 | ,, |
| ഗദ്യോപഹാരം | (ലേഖനങ്ങൾ) |
| ലേഖമാല | ,, |
| രാക്കുയിലുകൾ | ,, |
| മുത്തും ചിപ്പിയും | ,, |
| നൂറ്റൊന്നു കിരണങ്ങൾ (തർജ്ജമ-ടാഗോർ) | (കവിത) |
| ഗീതാഞ്ജലി ,, | ,, |
| ടാഗോർ (തർജ്ജമ) | (ജീവചരിത്രം) |
| ഇളംചുണ്ടുകൾ | (ബാലസാഹിത്യം) |
| ഓലപ്പീപ്പി | ,, |
| രാധാറാണി | ,, |

S2252 B256 151/68-69 8-2000 JK 118

UN... ARY.
21 FEB 1975
MADRAS.

# അവതാരിക

ഏകദേശം ഇരുപത്തിരണ്ടു സംവത്സരത്തിനു മുൻപാണെന്നു തോന്നുന്നു, ഞാൻ ഒരു കണ്ടുപിടിത്തം നടത്തി. പണ്ടു കീററ്സ് ചാപ്മാൻെറ ഇലിയഡ് ആദ്യമായി വായിച്ചപ്പോൾ നടത്തിയതുപോലെ ഞാനും കണ്ടുപിടിച്ചതു് ഒരു പുതിയ കാവ്യലോകത്തേയും അതിനു് ആധാരമായ ഒരു കവിഹൃദയത്തേയുമാണു്.

മലയാളസാഹിത്യത്തിൽ, പ്രത്യേകിച്ചു മലയാളകവിതയിൽ, അതിനകം മൗലികങ്ങളായ ചില പരിവർത്തനങ്ങൾ സംഭവിച്ചുകഴിഞ്ഞിരുന്നു. ഇംഗ്ലണ്ടിലെ Romantic Revolt–ൻെറ പ്രവാചകന്മാരും പ്രാരംഭകന്മാരുമായി ഒരു വേർഡ്സ്വർത്തും, ഒരു കോളറിഡ്ജും, ഒരു സതിയും പ്രത്യക്ഷപ്പെട്ടതുപോലെ, മലയാളകവിതയിലെ ഈ വിപ്ലവത്തിൻെറ നേതാക്കന്മാരായി മൂന്നുപേർ രംഗത്തു പ്രവേശിച്ചു—ആശാൻ, വള്ളത്തോൾ, ഉള്ളൂർ. ആകൃതിയിലും പ്രകൃതിയിലും നവീനത്വം തുളുമ്പുന്ന അനേകം കവിതകൾ അവരിൽനിന്നുദയംചെയ്തു. അവയുടെ മാറെറാലി കേരളമെങ്ങും വ്യാപിച്ചു. ഒരു നവചൈതന്യത്തിൻെറ പ്രഭാതരംഗങ്ങൾ സാഹിത്യലോകമാകമാനം ഉദ്ദീപ്തമാക്കിക്കൊണ്ടു പരന്നു.

ഈ ഗുരുക്കന്മാർ തെളിച്ച നൂതനപഥങ്ങളിലേക്കു് അനേകം യുവകവികൾ സോത്സാഹം പാഞ്ഞുകയറി. അവരുടെ കൂട്ടത്തിൽ അഭിനവമായ വല്ല സരണിയും സ്വയം നിർമ്മിക്കുന്നതിനോ, അവലംബിച്ച സരണികൾ കൂട്ടത്തിൽ പുരോഗമിപ്പിക്കുന്നതിനെങ്കിലുമോ തൻേറടമുള്ള ഒരു ബയറണോ, ഷെല്ലിയോ, കീററ്സോ കാണാതിരിക്കയില്ല എന്നു ഞാനാശിച്ചു. അങ്ങനെ ഒരാളിൻെറ ആവിർഭാവത്തെ സോൽകണ്ഠം എതിർപാർത്തു കാണാൻ കഴിഞ്ഞില്ല. അവരിൽ പലരും നല്ല കവിതകൾ എഴുതി. ഞാൻ അവയിൽ പലതും വായിക്കുകയും ആസ്വദിക്കുക

യും ചെയ്തു. എന്നാൽ അവരുടെ അനുഗൃഹീതരായ കലാചാര്യന്മാർ പിടിച്ച കരുവുകളിൽനിന്നു സ്വാതന്ത്ര്യമാകാൻ അവരുടെ കാവ്യകലയ്ക്കു കഴിഞ്ഞില്ല. സഹൃദയലോകത്തെ പുളകംകൊള്ളിച്ചുകൊണ്ടാവിർഭവിച്ച പുതുമ വളരെവേഗം പഴകിപ്പോകുമെന്നു ഞാൻ ഖേദിച്ചു.

എൻെറ മനസ്സ് അങ്ങനെ ഏതാണ്ടൊരു നൈരാശ്യത്തിലേക്ക് ആണ്ടുതുടങ്ങിയപ്പോഴാണ് ഞാൻ ആ കണ്ടുപിടിത്തം നടത്തിയതു്. എൻെറ ആശ പെട്ടെന്നു് ഉയരുകയുംചെയ്തു.

രണ്ടു ചെറിയ കവിതകഠം, ഒന്നിനു പുറകേ ഒന്നായി, എൻെറ ശ്രദ്ധയെ ഹഠാദാകർഷിച്ചു. ഒരു പുതിയ കാവ്യലോകം അവ എൻെറ മുൻപിൽ തുറന്നു. ആരാണ് ഈ പുതിയ കവിയെന്നു ഞാൻ നോക്കി—ജി. ശങ്കരക്കുറുപ്പ്. ആ പേരു് എനിക്കപരിചിതമായിരുന്നു. അദ്ദേഹം എവിടത്തുകാരൻ? എന്തുചെയ്യുന്നു? എനിക്കൊന്നും അറിഞ്ഞുകൂടായിരുന്നു. ഒന്നുമാത്രം, വ്യക്തമായ കാരണം ഒന്നുംകൂടാതെ ഞാൻ വിശ്വസിച്ചു—അദ്ദേഹം ഒരു യുവാവാണെന്നു്.

ഞാൻ എന്നോടുതന്നെ പറഞ്ഞു, ''ഇദ്ദേഹം ആരോ എന്തോ ആയിക്കൊള്ളട്ടെ, അനുഗൃഹീതനായ ഒരു കവിയാണ്. കേരളീയൎക്കു തികച്ചും അഭിമാനിക്കാവുന്ന ഒരു കവി. ഇതേവരെ കണ്ട കവികളിൽനിന്നു് അല്പം ഭിന്നനായ ഒരു കവി. ഇദ്ദേഹത്തിനു് ഒരു 'മിസ്റ്റിക്കി'ൻെറ കണ്ണും കരളുമുണ്ടു്. ഷെല്ലിയുടേയും ടാഗൂറിൻേറയും ഗോത്രത്തിലാണ് ഇദ്ദേഹത്തിൻെറ ജനനം. അപൂൎവ്വലബ്ധവും അനന്യലഭ്യവുമായ ഒരു സംഭാവന ഇദ്ദേഹത്തിൽനിന്നു കൈരളിക്കുണ്ടാകും.''

എൻെറ കണ്ടുപിടിത്തത്തെപ്പററിയും എൻെറ പ്രത്യാശകളെപ്പററിയും ചില സ്നേഹിതന്മാരോടു ഞാൻ പറഞ്ഞു. അദ്ദേഹത്തിൻെറ ഇതരകവിതകളുമായി പരിചയപ്പെടാൻ ആരംഭിച്ചു. ഞാൻ കാണാൻ ആഗ്രഹിച്ചതു്, കാണുമെന്നു പൂൎണ്ണമായി വിശ്വസിച്ചതു്, താമസിയാതെ കണ്ടു; എൻ്റെ പ്രതീക്ഷയിലും കവിഞ്ഞു തെളിഞ്ഞുകണ്ടു—അദ്ദേഹത്തി

ന്റെ നദിയുടേയും പുഷ്പങ്ങളുടേയും ഹൃദയാവജ്ജകങ്ങളായ ഗീതങ്ങളിൽ.

ആയിടയ്ക്കു സാഹിത്യത്തെ അധികരിച്ച് ഞാൻ ചെയ്ത പ്രസംഗങ്ങളിൽ ശ്രീ ശങ്കരക്കുറുപ്പിന്റെ കവിതകളെപ്പററി പറഞ്ഞുതുടങ്ങി. ഒന്നുരണ്ടു വത്സരങ്ങളിൽ അവയെപ്പററിത്തന്നെ പ്രസംഗിക്കുകയുണ്ടായി.

എന്റെ ഒരു പ്രസംഗം കേട്ടതിനുശേഷം അന്നത്തെ യുവകവികളിൽ ഒരാളായിരുന്ന ഒരു സ്നേഹിതൻ എന്നോടു പറഞ്ഞു, ''ഞങ്ങളേയും ഇങ്ങനെ വല്ലപ്പോഴുമൊക്കെ പ്രോത്സാഹിപ്പിക്കണം,'' എന്നു്.

ഇങ്ങനെ ഒരപേക്ഷ ശ്രീ കുറുപ്പിന്റെ പക്കൽനിന്നു കിട്ടിയതുകൊണ്ടല്ല ഞാൻ അദ്ദേഹത്തിന്റെ കവിതകളെ പ്രശംസിച്ചതു്. ഞാൻ അദ്ദേഹത്തെ കണ്ടിട്ടില്ലായിരുന്നു. അദ്ദേഹത്തിന്റെ കവിതകളിൽക്കൂടിയല്ലാതെ അദ്ദേഹത്തെ അറിഞ്ഞിട്ടില്ലായിരുന്നു. ഞാൻ ഇങ്ങനെ അദ്ദേഹത്തിന്റെ കവിതകളെ അഭിനന്ദിക്കുന്നുണ്ടെന്നുള്ള വിവരം അദ്ദേഹം അറിഞ്ഞിരിക്കയുമില്ല.

ഞങ്ങൾ തമ്മിൽ ഇന്നും നേരിട്ടു വലിയ പരിചയമില്ല. ആകെക്കൂടി മൂന്നുപ്രാവശ്യമേ തമ്മിൽ കണ്ടിട്ടുള്ളു. മൂന്നുപ്രാവശ്യവുംകൂടി അല്പനേരമേ സംസാരിച്ചിട്ടുള്ളു. അഞ്ചോ ആറോ കത്തുകളേ അന്യോന്യം അയച്ചിട്ടുള്ളു.

പക്ഷേ, ശങ്കരക്കുറുപ്പ് എന്ന കവിയെ അടുത്തറിയാൻ ഞാൻ ശ്രമിച്ചിട്ടുണ്ടു്. സാമാന്യം അടുത്തറിയാൻ എനിക്കു കഴിഞ്ഞിട്ടുണ്ടെന്നാണ് എന്റെ വിശ്വാസം. ആ കവിയെ ഞാൻ ഹൃദയപൂർവ്വം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു. ആധുനികമലയാളസാഹിത്യത്തിനു പ്രത്യേകവും അനഘവുമായ സംഭാവനചെയ്യാൻ കഴിഞ്ഞിട്ടുള്ള അപൂർവ്വം കവികളിൽ ഒരാളായി അദ്ദേഹത്തെ ഞാൻ കരുതുന്നു. അദ്ദേഹത്തിന്റെ നേർക്ക് അപ്രകാരവും അതുകൊണ്ടുതന്നെ നിശ്ശേഷം നിഷ്കപടവുമായ ഒരു സൗഹാർദ്ദം ഞാൻ എന്നും പുലർത്തിയിട്ടുണ്ടു്. അതു പ്രകടമാക്കാൻ ഞാൻ അഭിലഷിച്ചിട്ടില്ല; പുറത്താക്കാതെ വെച്ചു

കൊണ്ടിരിക്കുന്നതിൽ ഒരു പ്രത്യേകസുഖവും എനിക്കു തോന്നിയിട്ടുണ്ട്.

അങ്ങനെയിരിക്കെയാണ് അദ്ദേഹം 'സൂര്യകാന്തി'യുടെ പുതിയ പതിപ്പിനു് ഒരു അവതാരിക എഴുതണമെന്നു് എന്നോടു് ഈയിടെ ആവശ്യപ്പെട്ടതു്.

ii

ശ്രീ ശങ്കരക്കുറുപ്പിൻെറ കവിതകളുമായി ആരംഭകാലംമുതൽ ഇന്നേവരെ സാമാന്യമായ ഒരു പരിചയമെങ്കിലും പുലർത്തിയിട്ടുള്ള ഏതൊരാൾക്കും അദ്ദേഹത്തിൻെറ കാവ്യകലയുടെ പരിണാമത്തിൽ മൂന്നു ഘട്ടങ്ങൾ വിവേചിക്കുവാൻ കഴിയും.

പ്രാരംഭഘട്ടത്തിൽ എല്ലാ കവികളെയുംപോലെ, അദ്ദേഹവും, സ്വന്തം ശക്തികളുടേയും അഭിനിവേശങ്ങളുടേയും യഥാർത്ഥരൂപം കണ്ടെത്തുവാൻ ശ്രമിക്കുന്നു. പ്രാമാണികന്മാരായ മററു കവികളുടെ പ്രേരണകൾക്കു പ്രായേണ വിധേയനായിക്കഴിയുന്നു. അവരുടെ കവനവീചികളുടെ അനുകരണങ്ങൾ ഹൃദയതന്ത്രികളിൽനിന്നു് തന്നത്താനറിയാതെ പുറപ്പെട്ടുപോകുന്നു. പ്രാരംഭഘട്ടത്തിലെ പല കവിതകളും ഇതിനുദാഹരണങ്ങളാണ്. എന്നാൽ അവയിലും കവിയുടെ വ്യക്തിത്വം രൂപമെടുത്തു കാണാൻ നമുക്കു കഴിയുന്നുണ്ടു്.

അനുഗൃഹീതനായ ആ യുവാവു വളരെവേഗം തൻെറ യഥാർത്ഥകഴിവുകളേയും ചായ്‌വുകളേയുംപററി പ്രബുദ്ധനാകുന്നു. വിശ്വസൗന്ദര്യദിദൃക്ഷുവായി, വിശ്വപ്രേമോപാസകനായി അദ്ദേഹം പ്രത്യക്ഷപ്പെടുന്നു. കേവലം മാനുഷികങ്ങളും ലൗകികങ്ങളുമായ അനുഭവങ്ങളേയും വികാരങ്ങളേയും പരാമർശിക്കുമ്പോഴും ഇന്ദ്രിയാതീതമായ ആ സൗന്ദര്യബോധവും അഭൗമമായ ആ പ്രേമപിപാസയും അവയ്ക്കു ചുററും, അവയിൽക്കൂടിയും, അലതല്ലുന്നതു കാണാം. ഈ ഘട്ടത്തിലാണ് ശ്രീ ശങ്കരക്കുറുപ്പിൻെറ ഏററവും വ്യക്തിമുദ്രാങ്കിതവും ശ്രേഷ്ഠവുമായ ഏതാനും കവിതകൾ ആവിർഭവിക്കുന്നതു്; മലയാളത്തിലെ അസമാനനായ യോഗാത്മകകവി (Mystic Poet)യായി അദ്ദേഹം സ്ഥാനമുറപ്പിക്കുന്നതു്.

തൃതീയഘട്ടത്തിൽ അദ്ദേഹത്തിന്റെ കാവ്യകല ഒരു പുതിയവഴിക്കു തിരിയുന്നു. ആത്മാവിന്റെ രഹസ്യാനുഭൂതികളോടു് ഒരു പരാങ്മുഖത്വം, പ്രാപഞ്ചികജീവിതത്തിന്റെ പരുപരുത്ത യാഥാർത്ഥ്യങ്ങളോടും വിഷമംപിടിച്ച പ്രശ്നങ്ങളോടും ദൃഢമായ ഒരാഭിമുഖ്യം, അതു പ്രദശിപ്പിക്കുന്നു. ഇന്നു കവി അലൗകികപ്രേമത്തിന്റെ അനന്തമായ വിഹായസ്സിലല്ല; കർമ്മഭൂമിയിലാണു്, പടക്കളത്തിലാണു്. ഇന്നു് അദ്ദേഹത്തിന്റെ തൂലിക മുങ്ങുന്നതു് നിത്യോജ്വലങ്ങളായ താരകകളുടെ ഒളിമങ്ങാത്ത തങ്കച്ചാറിലല്ല; ദുഃഖിതലക്ഷങ്ങളുടെ ചോരയിലും കണ്ണുനീരിലുമാണു്. ഇന്നു് അദ്ദേഹം ആവിഷ്ക്കരിക്കുന്ന യാതനകൾ ആദ്ധ്യാത്മികങ്ങളല്ല; കേവലം ശാരീരികങ്ങളും മാനസികങ്ങളുമാണു്, തികച്ചും ലൗകികങ്ങളാണു്.

''ലബ്ധബോധമാം ജന്മദേശത്തിന്നിളക്കത്താൽ,
ക്ഷുബ്ധമന്തരീക്ഷത്തിൻ ദുർന്നിവാരമാം വീർപ്പാൽ,
നിർമ്മുഖോല്ലസന്നിത്യസൗന്ദര്യം നുകരുവാ-
നുന്മുഖം നില്ക്കും നില്പിൽനിന്നു ഞാനുലയൊല്ലേ''

എന്നു് അദ്ദേഹം ഒരിക്കൽ അകമഴിഞ്ഞു പ്രാർത്ഥിച്ചു. ആ പ്രാർത്ഥന ഫലിച്ചില്ലെന്നു തോന്നുന്നു; ഫലിക്കാത്തതിൽ അദ്ദേഹം വളരെ ദുഃഖിക്കുന്നില്ലെന്നും തോന്നുന്നു.

ഒരു കവി എന്നുള്ള നിലയിൽ അദ്ദേഹത്തിൽ വന്നുകൂടിയിട്ടുള്ള ഈ സമഗ്രമായ പരിവർത്തനം വളരെപ്പേരെ സന്തോഷിപ്പിച്ചിട്ടുണ്ടു്; ഏതാനുംപേരെ ദുഃഖിപ്പിച്ചിട്ടുമുണ്ടു്. എന്നാൽ ഒരേസമയത്തു് അതിൽ സന്തോഷിക്കുകയും ദുഃഖിക്കുകയും ചെയ്യുന്നവർ എത്രപേരുണ്ടാകുമെന്നു് എനിക്കു നിശ്ചയമില്ല. ഒരാളുണ്ടെന്നു് എനിക്കു തീർച്ചയായറിയാം—ഞാൻ.

മൗലികങ്ങളും പ്രചണ്ഡങ്ങളുമായ പരിവർത്തനങ്ങൾകൊണ്ടു് ഓരോ നിമിഷവും ഇളകിമറിഞ്ഞുകൊണ്ടിരിക്കുന്ന ഇന്നത്തെ ലോകത്തിൽ ജീവിക്കുന്ന ഒരു മനുഷ്യനും അക്ഷോഭ്യനായി വർത്തിക്കാൻ സാദ്ധ്യമല്ല. സൂക്ഷ്മവേദിയും ഹൃദയസമ്പന്നനുമായ ഒരു കവിക്കു് അതു് അശേഷം സാദ്ധ്യമല്ല. പരിമൃദുലമായ ഒരു ഹൃദയമാണു് ശ്രീ ശങ്കര

കുറുപ്പിനുള്ളതു്. അതിൽ ജീവിതയാഥാത്ഥ്യത്തിൻെറ മുഴങ്ങും മുനയും അനേകം ക്ഷതങ്ങളേല്പിക്കുന്നതിൽ, അതു് കോപതാപാദികളാൽ പ്രക്ഷുബ്ധമാകുന്നതിൽ, സമരത്തിൻെറ ആഹ്വാനവും വേദനയുടെ രോദനവും അതിൽനിന്നു മാറിമാറി ഉയരുന്നതിൽ, എനിക്കാശ്ചര്യമില്ല. ഇതൊന്നും സംഭവിക്കാതിരുന്നാലാണു് ഞാൻ ആശ്ചര്യപ്പെടുന്നതു്.

ഒരു യഥാത്ഥകവിക്കു് കുറെ ജന്മസിദ്ധികളും കുറെ കമ്മസിദ്ധികളും അവശ്യം ഉണ്ടായിരിക്കണം. ഈ രണ്ടു തരം സിദ്ധികളും തുല്യമായും ധാരാളമായും അനുഗ്രഹിച്ചിട്ടുള്ള അപൂവ്വം ഭാഗ്യവാന്മാരിൽ ഒരാളാണു് ശ്രീ ശങ്കരക്കുറുപ്പു്. അതുകൊണ്ടു് അദ്ദേഹത്തിൻെറ കവിത ഏതു വിഷയത്തെ അധികരിച്ചുള്ളതായാലും ഏതു പ്രസ്ഥാനത്തെ അവലംബിച്ചുള്ളതായാലും അതിൽ അനിഷേദ്ധ്യമായ കവിതാം കാണും.

അദ്ദേഹത്തിൻെറ കാവ്യവ്യവസായത്തിൻെറ ഈ തൃതീയഘട്ടത്തിൽനിന്നും ഒന്നാംതരം കുറെ കവിതകറം നമുക്കു ലഭിച്ചിട്ടുണ്ടു്. അതിൽ ഏതൊരു കേരളീയനും ആനന്ദിക്കാനും അഭിമാനിക്കാനും അവകാശമുണ്ടു്. മററേതൊരാളേയുംപോലെ ഞാനും അതിൽ സന്തോഷിക്കുന്നു. ഞാൻ ദുഃഖിക്കുന്നതു് അദ്ദേഹം ആ കവിതകറം എഴുതിയതിലും എഴുതുന്നതിലുമല്ല. അദ്ദേഹം സ്വതന്ത്രമായി ഉപദശിച്ചതും, അല്പകാലം മുൻപുവരെ സ്വച്ഛമായി അവലംബിച്ചതും, മററാരെക്കാളും കൂടുതൽ പുരോഗമിപ്പിച്ചതുമായ ആ രമണീയസരണി താൽക്കാലികമായിട്ടെങ്കിലും ഉപേക്ഷിച്ചതിലാണു്.

ഞാൻ അറിഞ്ഞിടത്തോളം അദ്ദേഹത്തിൻെറ 'പുരോഗമന'വാദം സങ്കുചിതമല്ല. സമുദായത്തേയോ വ്യക്തിയേയോ ഒരൊററയടിപ്പാതയിൽക്കൂടി പുരോഗമിപ്പിക്കാമെന്നുള്ള വ്യാമോഹം അദ്ദേഹത്തിനുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. സമുദായത്തിൻേറയും വ്യക്തിയുടേയും സവ്വതോമുഖമായ ഉൽക്കർഷമാണു് 'പുരോഗമനം'കൊണ്ടു ലക്ഷീകരിക്കുന്നതെങ്കിൽ, മനുഷ്യനു വിചാരശക്തിയുണ്ടാ

യ നാറംമുതൽ ഇന്നേവരെ അവൻെറ അതിഗഹനങ്ങളായ ചിന്തകളുടേയും നിരന്തരമായ ഗവേഷണത്തിൻേറയും ഫലവും മഹനീയതമങ്ങളായ ദിവ്യാനുഭൂതികളുടെ നിദാനവും ആയിരുന്നിട്ടുള്ള അവൻെറ ആദ്ധ്യാത്മികജീവിതത്തിന്ന് അതിൽ എങ്ങനെ സ്ഥാനമില്ലെന്നുവരും?

യഥാൎത്ഥമായ പുരോഗമനത്തിന്നു യോഗാത്മകസാഹിത്യം പ്രതിബന്ധമല്ല, സൎവ്വഥാ സാഹായ്യകവും ഉത്തേജകവുമാണ്. എൻെറ അഭിപ്രായത്തിൽ അനുപേക്ഷണീയമാണ്. എന്തുകൊണ്ടെന്നാൽ മനുഷ്യജീവിതത്തിൻെറ മററു സകല മണ്ഡലങ്ങളേയും ഉറംക്കൊള്ളുകയും അവയ്ക്കു് ഉണ്മകൊടുക്കുകയും ചെയ്യുന്ന ആദ്ധ്യാത്മികമണ്ഡലത്തെ അവഗണിച്ചുകൊണ്ടുള്ള പുരോഗമനം അന്ധവും അലക്ഷ്യവുമായ ഒരു പാച്ചിലായിരിക്കും. യഥാൎത്ഥമായ പുരോഗമനമായിരിക്കുകയില്ല.

ആദ്ധ്യാത്മികസത്യത്തോടുള്ള ഉന്മുഖത്വം ജീവിതയാഥാൎത്ഥ്യങ്ങളോടുള്ള പരാങ്മുഖത്വത്തിന്നു പൎയ്യായമാണെന്നു ധരിക്കുന്നതു തെററാണ്.

ശ്രീ ശങ്കരക്കുറുപ്പിൻെറ കാവ്യകലയ്ക്കുള്ള പ്രത്യേകതകളിൽ പ്രാഥമ്യം അൎഹിക്കുന്നതു് അതിൻെറ വിഭാവനാപ്രഭുത്വമാണ്. ആ വിഭാവന സമുജ്വലവും ഗംഭീരവുമാണ്. സാധാരണമനുഷ്യൻെറ സങ്കല്പത്തിന്ന് ഉറംക്കൊള്ളാനോ താങ്ങാനോ വയ്യാത്ത വൈപുല്യം അതിനുണ്ടു്: അതിന്നു തികഞ്ഞ യോഗാത്മകസ്വഭാവമുണ്ടു്.

അങ്ങനെയുള്ള ഒരു വിഭാവന ഏററവും സ്വതന്ത്രമായി വിഹരിക്കുന്നതു്, അതിൻെറ കഴിവുകളുടെ പരമകോടിയെ സാക്ഷാൽക്കരിക്കുന്നതു്, അമേയങ്ങളായ അതീന്ദ്രിയാനുഭൂതികളുടേയും, ഏകദേശം അവയുടെ രൂപം പ്രാപിക്കുന്ന ഗഹനങ്ങളും അപൂൎവ്വങ്ങളുമായ ചില പ്രാപഞ്ചികാനുഭൂതികളുടേയും ആവിഷ്കരണത്തിലാണ്. അസാമാന്യമായ ഈ വിഭാവനാശക്തിക്കു് ഏതാണ്ടൊരടിമയായിപ്പോയിട്ടുള്ള ശ്രീ ശങ്കരക്കുറുപ്പ് ലൗകികജീവിതത്തിൻെറ കടുത്ത യാഥാൎത്ഥ്യങ്ങളെ ചിത്രീകരിക്കുന്നതിലും അതിനെ വ്യാപരിപ്പിക്കുന്ന ഒരു സാഹസികമാണ്

ഇന്നു നാം കാണുന്നതു്. അതിൽനിന്നു പലപ്പോഴും അപ്ര തീക്ഷിതമായ ഒരു ഗാംഭീര്യവും വികാരവിചാരങ്ങളെ ദീഘനേരത്തേക്കു ത്രസിപ്പിക്കാൻ പര്യാപ്തമായ ഒരു ധ്വന്യാത്മകത്വവും അന്യഥാ യഥാതഥങ്ങളായ ആ കവി തകാംക്കു സിദ്ധിക്കുന്നുണ്ടു്. ലോകസാമാന്യം കേവലം നിസ്സാരമെന്നെണ്ണുന്ന വസ്തുക്കളെപ്പോലും അവയുടെ അല്പ ത്വത്തിന്റെ സീമകളെ ഉല്ലംഘിച്ചു് പ്രാപഞ്ചികജീവിത ത്തിലെ മഹാപ്രശ്നങ്ങളുടേയും മഹാസത്യങ്ങളുടേയും ഗംഭീ രബിംബ(Simbol)ങ്ങളായി രൂപാന്തരപ്പെടുത്താൻ കഴി ഞ്ഞിട്ടുള്ള ഒരു മാന്ത്രികപ്രയോഗമാണതു്.

എങ്കിലും എനിക്കു തോന്നിയിട്ടുണ്ടു്, ഈ അംബര വ്യാപിയായ വിഭാവനയെ പ്രതിപാദ്യത്തിന്റെ ഇടു ങ്ങിയ മൺകൂരയിൽ പിടിച്ചൊതുക്കാൻ കവി ചില പ്പോരം ക്ലേശിക്കുന്നു, അതു് അതിനകത്തു ഞെരുങ്ങി വിമ്മിട്ടപ്പെടുന്നു, ആ കഠിനമായ സമ്മർദ്ദം താങ്ങാൻ ശക്തി യില്ലാത്ത ആ ദുബ്ബലഭിത്തികരം ഞെരിഞ്ഞുപൊടിയുന്നു, എന്നൊക്കെ.

അതിനെ വല്ലപ്പോഴുമെങ്കിലും പണ്ടത്തെപ്പോലെ അനന്തമായ അംബരത്തിൽ സ്വാതന്ത്ര്യവിഹാരത്തിനു വിടു ന്നതു് അതിനും കവിക്കും കൈരളിക്കും ഒരനുഗ്രഹമായിരി ക്കും എന്നാണെനിക്കും തോന്നുന്നതു്.

iii

കവിയുടെ കാവ്യകലാപരിണാമത്തിലെ ദ്വിതീയ ഘട്ടത്തിൽപ്പെടുന്ന ഏതാനും കവിതകളുടെ ഒരു സമാഹാ രമാണു 'സൂര്യകാന്തി'. ആ ഘട്ടത്തിന്റെ പ്രാതിനിധ്യം വഹിക്കാൻ അതു സവ്വഥാ സമഹ്മാണു്. പ്രതിഭാസമ്പ ന്നനും സുശിക്ഷിതനും പ്രഗല്ഭനുമായ ഒരു കലാകാരനാ ണു് അതിന്റെ പിന്നിൽ—അതിന്റെ ഉള്ളിൽ എന്നു പറയുന്നതായിരിക്കും കൂടുതൽ ശരി—വ്യവസായം ചെയ്യു ന്നതു്.

'സൂര്യകാന്തി' കേരളീയസഹൃദയഹൃദയത്തിനു് ഇതി നകം സുപരിചിതമായിക്കഴിഞ്ഞിരിക്കണം. അതിലെ

മനോഹരങ്ങളായ കവിതകളിൽ പലതും പലരും മനഃപാഠമാക്കിക്കാണണം. അങ്ങനെ പ്രസിദ്ധങ്ങളും സുവിദിതങ്ങളുമായിത്തീൎന്നിട്ടുള്ള ആ കവിതകളിൽ ഓരോന്നിനേയും എടുത്തു് ഒന്നുകൂടി ഇവിടെ അവതരിപ്പിക്കേണ്ട ആവശ്യം ഞാൻ കാണുന്നില്ല. അതിനു ഞാൻ ഒരുമ്പെടുന്നുമില്ല. അവയെ ആകെക്കൂടി ഒന്നവലോകനംചെയ്യുന്നതിനേ ഞാൻ ഉദ്ദേശിക്കുന്നുള്ളു.

ഈ ഗ്രന്ഥത്തിൽ ആകെ പതിമ്മൂന്നു സ്വതന്ത്രകവനങ്ങളും—അവയിൽ ഒന്നു് നാലു ഗീതകങ്ങളുടെ ഒരു സമാഹാരമാണു്—ഹാഫീസ് എന്ന പാരസികകവിയുടെ മൂന്നു കവിതകളുടെ അനുവാദവുമാണു് അടങ്ങിയിരിക്കുന്നതു്.

സ്വതന്ത്രകവിതകൾ പല ഇനത്തിലും തരത്തിലുമുള്ളവയാണു്. 'നവവത്സരം', 'വന്ദനം തഥാഗത!' എന്ന കവിതകളിൽ ദേശസ്നേഹമാണു് മുന്നിട്ടുനില്ക്കുന്നതെങ്കിൽ, 'ഭാവാഭാവം', ശൈശവം', 'ഇന്നു ഞാൻ, നാളെ നീ' ഇവയിൽ ഗഹനമായ തത്വചിന്തനമാണു് പ്രാധാന്യമവലംബിക്കുന്നതു്. 'ചന്ദ്രക്കല' ഒരു പ്രേമരോദനമാണു്. 'ഭൃംഗഗീത'വും 'സൂര്യകാന്തി'യും—ഈ രണ്ടാമത്തേതു യോഗാത്മകതത്വത്തിൻെറ ഛായ പല ഇടങ്ങളിലും സ്ഫുരിപ്പിക്കുന്നുണ്ടെങ്കിലും—രണ്ടു പ്രേമഗാനങ്ങളായിട്ടാണു് പരിഗണിക്കേണ്ടതു്. 'എൻെറ വേളി' ബിംബക(symbolic)മാണു്. ലക്ഷണംതികഞ്ഞ യോഗാത്മകകവിതകളാണു്, 'അന്വേഷണ'വും, 'നിശാഗീത'വും, 'പങ്കജഗീത'വും. 'മതി!' ഇതിൽനിന്നെല്ലാം ഭിന്നമാണു്—ചില പാരസികകവികളെ അനുകരിച്ചുള്ള ഒരു ചാൎവ്വാകഗീതം.

ഇവയെല്ലാം സ്വതന്ത്രകവനങ്ങളാണെങ്കിലും ഇവയിൽ ചിലതിൽ കവി അറിഞ്ഞോ അറിയാതെയോ, അന്യകവികളുടെ പ്രേരണ പ്രവൎത്തിച്ചിട്ടുണ്ടെന്നു കാണാം. 'മതി!'യിൽ പ്രകടമാകുന്ന പ്രേരണയെപ്പററി പറഞ്ഞുകഴിഞ്ഞല്ലോ. എൻെറ വേളി 'ഗീതാഞ്ജലി'യിലെ ചില ഗീതങ്ങളെ ശക്തിയായും സമഗ്രമായും അനുസ്മരിപ്പിക്കുന്നു. ശൈശവത്തെപ്പററിയുള്ള നാലു ഗീതങ്ങളിൽ വേർ

ഡ്സ്വത്തിന്റെ 'അമരത്വസൂചനകള്'ടെയും (Intimations of Immortality) ടാഗ്ഗുറിന്റെ 'ശശികല'യിലെ (Crescent Moon) ചിലചില കവിതകളുടെയും മാറെറാലികൾ ചിലപ്പോൾ കേൾക്കാൻ കഴിയും. കുമാരനാശാനാൽ കീത്തിക്കപ്പെട്ടിട്ടുള്ള ചില ആശയങ്ങളും ഈ കവിതകളിൽ അങ്ങിങ്ങു നിഴലിക്കുന്നുണ്ടു്.

മററാരും പ്രകടിപ്പിച്ചിട്ടില്ലാത്ത ആശയങ്ങൾ ആവിഷ്ക്കരിക്കുന്ന കവിക്കു മാത്രമേ വ്യക്തിത്വമുള്ളു എന്നു ശഠിച്ചാൽ വിശ്വമഹാകവികൾ എന്നു സുസമ്മതന്മാരായിട്ടുള്ളവക്കുപോലും വ്യക്തിത്വം നിഷേധിക്കേണ്ടതായി വരും. കവിതയിൽ ആശയത്തേക്കാൾ പ്രാധാന്യം ഭാവത്തിനാണെങ്കിൽ, ആശയത്തിന്റെ നവീനത്വത്തേക്കാൾ ആശയാവിഷ്ക്കരണസമ്പ്രദായത്തിന്റെ നവീനത്വത്തിലാണു കവിയുടെ വ്യക്തിത്വത്തെ അന്വേഷിക്കേണ്ടതെങ്കിൽ, ഒരു കവിയെന്നുള്ള നിലയിൽ ശ്രീ ശങ്കരക്കുറുപ്പിനുള്ള വ്യക്തിത്വം അനിഷേദ്ധ്യമാണു്.

അദ്ദേഹത്തിന്റെ വ്യക്തിത്വം തെളിയുന്നതു് എന്തിലെല്ലാമാണു്? അദ്ദേഹത്തിന്റെ കൃതികൾ വായിക്കുന്ന ഒരുവന്റെ ശ്രദ്ധയെ ആദ്യമായി ആകഷിക്കുന്നതു്, അവയിൽ പ്രകടമാകുന്ന അസാമാന്യമായ വിഭാവനാശക്തിയാണു്. എല്ലാ കവികൾക്കുമുണ്ടു് ആ ശക്തി. അതില്ലാത്തവൻ കവിയല്ല. എങ്കിലും അതിൽ കൂടുതൽകുറവുകളും പ്രകൃതിഭേദങ്ങളും ഭിന്നകവികൾ പ്രദശിപ്പിക്കുന്നുണ്ടെന്നുള്ളതു നിവ്വിവാദമാണു്.

അലങ്കാരശാസ്ത്രഭാഷയിൽ പറഞ്ഞാൽ, ശ്രീ ശങ്കരക്കുറുപ്പിന്റെ വിഭാവന ആരോപാദ്ധ്യവസായമാഗ്ഗങ്ങളിൽക്കൂടി രൂപകത്തിന്റെ വിവിധരൂപങ്ങളിലാണു പ്രകടമാകുന്നതു്. പക്ഷേ, അങ്ങനെ പറഞ്ഞാൽ അതിന്റെ രൂപമോ സ്വഭാവമോ വേണ്ടതുപോലെ വിശദമാകയില്ല. 'ആരോപം', 'അദ്ധ്യവസായം' ഈ ശബ്ദങ്ങൾതന്നെ കവിയുടെ ഒരു യത്നത്തെ സൂചിപ്പിക്കുന്നുണ്ടു്. അതിൽ ഒരു കൃത്രിമത്വം അന്തർഭവിച്ചിട്ടുണ്ടു്. സാധാരണ കവി

തകളിൽ കാണുന്ന ആരോപാദ്ധ്യവസായങ്ങളിൽ പല തിലും ഈ യത്നം, ഈ കൃത്രിമത്വം, പ്രത്യക്ഷമാണു്.

എന്നാൽ അത്ഭുതദൃഷ്ടിയുള്ള ചില കവികളുണ്ടു്. അവർ യഥാൎത്ഥത്തിൽ മനഃപൂൎവ്വം ആരോപമോ അദ്ധ്യവസായമോ ഒന്നും ചെയ്യുന്നില്ല. അവർ ചിലതങ്ങു കാണുകയാണു്. യത്നമില്ല, കൃത്രിമത്വമില്ല. കാണാൻ കഴിവുള്ള കണ്ണിന്റെ നിരങ്കുശമായ സ്വയംപ്രവൎത്തനം മാത്രം. ശ്രീ ശങ്കരക്കുറുപ്പിനു കാണാൻ കഴിവുള്ള കണ്ണുണ്ടു്. അദ്ദേഹം നോക്കുന്നിടത്തെല്ലാം സചേതനങ്ങളായ രൂപങ്ങൾ കാണുന്നു. ആ ദൎശനത്തിന്റെ ഋജുത്വം, നിരന്തരത്വം, അക്ലിഷ്ടത, നമ്മോടു പറയുന്നു, കവി അറിഞ്ഞുകൊണ്ടു ചൈതന്യം ആരോപിക്കുകയല്ല, അവയെ സചേതനങ്ങളായി കാണുകതന്നെയാണെന്നു്.

ഈ ജൈവരൂപങ്ങൾ ഒററയൊററയായിട്ടല്ല അദ്ദേഹം പ്രായേണ കാണുന്നതു്; ഒന്നിനോടൊന്നു ബന്ധിച്ചു്, സങ്കീൎണ്ണമായ ഒരു ജീവിതനാടകത്തിൽ സമ്മേളിച്ചു മഹത്തായ ഏതോ ദിവ്യസത്യം ആവിഷ്കരിക്കുന്ന കഥാപാത്രങ്ങളായിട്ടാണു്. ലതയും മരവും തളിരും പൂവും നദിയും നക്ഷത്രവും ചന്ദ്രനും സൂൎയ്യനും അനിലനും ആകാശവും സദ്രൂപങ്ങളായ, തികഞ്ഞ ആത്മവത്വമുള്ള, ചൈതന്യവിശേഷങ്ങളാണു്. ഓരോന്നായും ഒരുമിച്ചുചേൎന്നും അവ സൃഷ്ടിക്കുന്ന ജീവിതരംഗങ്ങൾ അനവധിയാണു്, പ്രകാശിപ്പിക്കുന്ന സ്തോഭങ്ങൾ വിവിധങ്ങളാണു്.

ചൈതന്യം നിറഞ്ഞ ഒരു ലോകം, നിൎജ്ജീവവസ്തുക്കളില്ലാത്ത ഒരു ലോകം, വിവിധവികാരവിചാരങ്ങളുടെ തുടനങ്ങളും തരംഗങ്ങളുംകൊണ്ടു സദാ തരളിതമായ ഒരു ലോകം—മനുഷ്യജീവിതനാടകത്തെ ഉൾക്കൊള്ളുകയും ബൃഹദ്രൂപത്തിൽ പകൎത്തിക്കാട്ടുകയും ചെയ്യുന്ന ഒരു മഹാനാടകം!—ഇതാണു് ഈ കവിയുടെ അനുഗൃഹീതനേത്രങ്ങൾ ദൎശിക്കുന്നതു്. അലൗകികമായ ഈ അനുഭൂതിയുടെ നെററിക്കു പേരൊന്നുമെഴുതി ഒട്ടിക്കാതിരിക്കയാണു് ഭേദം.

ഈ വിഭാവന അദ്ദേഹത്തിന്റെ മിക്ക കവിതകളി

ലേയും അന്തരീക്ഷത്തിനു് ഒരു യോഗാത്മകച്ഛായ നല്കുന്നു. സർവ്വവ്യാപകമായ ഒരു മഹാചൈതന്യത്തിന്റെ കിരണങ്ങളാം, സർവ്വാധാരസാരമായ ദിവ്യപ്രേമത്തിന്റെ മധുരാലാപവീചികളാം, അവയിൽനിന്നു കൂടെക്കൂടെ ഉയരുന്നുണ്ടു്.

ശ്രീ ശങ്കരക്കുറുപ്പിന്റെ ഈ വ്യക്തിത്വം അതിന്റെ പൂർണ്ണരൂപം പ്രാപിക്കുന്നതു്, പൂർണ്ണസാഫല്യമടയുന്നതു്, അദ്ദേഹത്തിന്റെ തികഞ്ഞ, തെളിഞ്ഞ, യോഗാത്മക കവിതകളിലാണു്.

യോഗാത്മകസാഹിത്യം ഭാരതത്തിൽ ഒരു പുതുമയല്ല. വൈദികകാലംമുതൽ ഇന്നേവരെ ഭാരതീയഭാഷകളിൽ മിക്കതിലും അതു് അക്ഷീണം നിലനിന്നിട്ടുണ്ടു്. അദ്വൈതവും ദ്വൈതവും വിശിഷ്ടാദ്വൈതവും തുല്യമായി താലോലിച്ചിട്ടുള്ള ഭക്തിമാർഗ്ഗചര്യ അതിനെ ഒരു കുറവും വരാതെ സംരക്ഷിച്ചിട്ടുണ്ടു്.

മലയാളക്കരയിലും അതൊരു പുതുമയല്ല. ശ്രീ ശങ്കരനും എഴുത്തച്ഛനും മേല്പത്തൂരും അതിനെ വാത്സല്യപൂർവ്വം പരിലാളിച്ചവരാണു്. ആശാൻ, വള്ളത്തോൾ, ഉള്ളൂർ ഈ ആധുനിക മഹാകവികളുടെ കൃതികളിലും അതിന്റെ സ്ഫുരണങ്ങൾ അങ്ങിങ്ങു കാണാം.

ശ്രീ ശങ്കരക്കുറുപ്പു് പിന്നെയെന്താണു പുതുതായി ചെയ്തതു്? അദ്ദേഹം അതിനു് ഒരു തികഞ്ഞ രൂപം കൊടുത്തു. ഒരു പ്രത്യേക സാഹിത്യസരണിയായി സ്വീകരിച്ചു് അതിനു് ഒരു വ്യക്തിത്വം നല്കി. എന്നു മാത്രമല്ല, നവീനമായ ഒരു പ്രകാശനസമ്പ്രദായം സ്വന്തമായി കണ്ടുപിടിച്ചു പ്രഗല്ഭമായി പ്രയോഗിക്കുകയും ചെയ്തു.

ഭാരതത്തിലെ വിവിധഭാഷകളിൽ യോഗാത്മകസാഹിത്യത്തിനു് ആധുനികകാലത്തു നവമായ ഒരുജ്ജീവനം നല്കിയതു് രവീന്ദ്രനാഥടാഗൂറാണു്. വംഗസാഹിത്യം എന്നും യോഗാത്മകത്വത്തിന്റെ കേദാരവും കേളീരംഗവുമായിരുന്നിട്ടുണ്ടു്. എന്നാൽ ഭാരതത്തിലെ ഇതരഭാഗക്കാർക്കു് അതുമായി പറയത്തക്ക പരിചയമൊന്നുമില്ലായിരുന്നു. ടാഗൂറിന്റെ ഗീതാഞ്ജലിയുടേയും അതിനെത്തുടർന്നു മററു

കവിതകളുടേയും ഇംഗ്ലീഷുവിവർത്തനങ്ങൾ പ്രചരിച്ചതോടു കൂടി ഒരു പുതിയ ലോകത്തിലേക്കു് അവർ പ്രവേശിച്ചു. ഒരു പുതിയ അനുഭൂതിയും അവഭാസവും അവക്കു സിദ്ധിച്ചു. യോഗാത്മകസാഹിത്യത്തിൻെറ വ്യക്തരൂപമായ ഒരു പുനരുജ്ജീവനം മിക്ക ഭാഷകളിലും ഉണ്ടായി.

യോഗാത്മകത്വം എന്നുവെച്ചാലെന്താണു്? ഈ പ്രപഞ്ചത്തിൽ അജ്ഞാതവും ദുർജ്ഞേയവുമായ ഏതോ ഒരു മഹാശക്തി നിറഞ്ഞുനില്ക്കുന്നുണ്ടു്. ഓരോ വ്യക്തിയിലും പ്രവർത്തിക്കുന്ന ചൈതന്യം അതിനോടു ഗാഢമായി ബന്ധപ്പെട്ടതാണു്; അതിൻെറ ഒരംശംതന്നെയാണു്; അദ്വൈതവേദാന്തികളുടെ സിദ്ധാന്തപ്രകാരം അതുതന്നെയാണു്.

ആ ബന്ധത്തിൻെറ സ്വഭാവം മനസ്സിലാക്കാൻ, ആ ബന്ധം അനുഭവിക്കാൻ, സർവ്വവ്യാപകവും സർവ്വനിയാമകവും ആയ ആ പരാശക്തിയെ ഏതെങ്കിലും തരത്തിൽ പ്രത്യക്ഷപ്പെടുത്താൻ, സാക്ഷാൽക്കരിക്കാൻ, സ്വതന്ത്രമായ ചിന്താശക്തിയും ഇച്ഛാശക്തിയും ഉദയംചെയ്ത നാൾമുതൽ മനുഷ്യൻ അവിരതം യത്നിച്ചിട്ടുണ്ടു്—മനുഷ്യരാശിയുടെ ബഹുസഹസ്രാബ്ദദീർഘമായ ആദ്ധ്യാത്മികവ്യവസായം!

ഏതാനും ചിലക്കു ചില വെളിച്ചങ്ങൾ കിട്ടിയിട്ടുണ്ടു്; അഭൗമങ്ങളായ ചില അനുഭൂതികൾ ഉണ്ടായിട്ടുണ്ടു്. പക്ഷേ, അവ വർണ്ണിക്കാൻ വാക്കുകളില്ല. എന്തുകൊണ്ടെന്നാൽ ആ അനുഭൂതികൾ അലൗകികങ്ങളാണു്. ഇന്ദ്രിയാതീതങ്ങളാണു്. ഇന്ദ്രിയാനുഭവങ്ങളേയും അവയിൽനിന്നു ജനിക്കുന്ന വികാരവിചാരങ്ങളേയുംപററിമാത്രം വ്യവഹരിക്കാൻ പര്യാപ്തമായ മനുഷ്യഭാഷ രഹസ്യങ്ങളും അതീന്ദ്രിയങ്ങളുമായ അനുഭവങ്ങളെ വിവരിക്കാൻ അസമർത്ഥമായി ഭവിക്കുന്നു.

പിന്നെങ്ങനെയാണു് അവയെ ആവിഷ്കരിക്കുക? പലരും വാക്കിൽക്കൂടിയല്ല അതു നിർവ്വഹിക്കാറുള്ളതു്. അവർ ചിരിക്കുന്നു, കരയുന്നു, ആടുന്നു, പാടുന്നു; പല

 പ്പോഴും ഉപബോധവത്തായ ദിവ്യാനന്ദത്തിൽ ലയിച്ചു പരിബോധംവിട്ടു നിലംപതിക്കുന്നു.

എന്നിരുന്നാലും ചിലർ അവരുടെ അത്ഭുതാനുഭവങ്ങൾ സാധാരണഭാഷയിൽ പ്രകാശിപ്പിക്കാൻ യത്നിക്കാറുണ്ട്. ആ യത്നത്തിൻെറ വിജയത്തിൽ അവക്കു വിശ്വാസമുണ്ടായിട്ടില്ല; അതിൻെറ ഫലത്തിൽ തൃപ്തിയടയാമെന്നാശിച്ചിട്ടുമല്ല. അങ്ങനെയൊരു യത്നം ചെയ്യാതിരിക്കാൻ അവക്കു നിവ്വാഹമില്ലാത്തതുകൊണ്ട്, അകത്തുനിന്നുയരുന്ന തടയാൻവയ്യാത്ത തള്ളൽ അവരെ ആ സാഹസത്തിനു നിബ്ബന്ധിക്കുന്നതുകൊണ്ടുമാത്രം. അപ്രകടനീയമായതിനെ പ്രകടിപ്പിക്കാനുള്ള ഒരു തീവ്രശ്രമം.

ഈ ശ്രമത്തിൽ പൂണ്ണവിജയം സാദ്ധ്യമല്ലെന്നു സ്പഷ്ടം. എങ്കിലും അവരിൽ അപൂവ്വം ചിലക്ക് അവക്കുണ്ടായിട്ടുള്ള അനുഭവങ്ങളുടെ ഏകദേശമായ ഒരു രൂപം അനുവാചകൻെറ ഹൃദയത്തിലേക്കു പകരാൻ കഴിയുന്നുണ്ട്. അവരുടെ അലൗകികാനുഭൂതികളോടു വിദൂരസാദൃശ്യം വഹിക്കുന്ന ചില ലൗകികാനുഭൂതികൾ അവർ ഉപദേശിക്കുന്നു. അവയെ ബിംബങ്ങളായി സ്വീകരിക്കുന്നു. അവണ്ണനീയങ്ങളായവയെ വണ്ണനീയങ്ങളായ ഈ ബിംബങ്ങളിൽക്കൂടി അഭിവ്യഞ്ജിപ്പിക്കുന്നു. ചില സൂചനകൾകൊണ്ടു ബിംബത്തിൻെറ ബാഹ്യരൂപം ഭേദിച്ച് അതിൻെറ അന്തസ്സത്തയെ ദശിക്കുവാൻ അനുവാചകനെ സഹായിക്കുന്നു.

ഇങ്ങനെയുള്ള അനേകം ബിംബങ്ങളാണു ടാഗൂർ തൻെറ യോഗാത്മകങ്ങളായ അനുഭൂതികളെ അഭിവ്യഞ്ജിപ്പിക്കുവാൻ അദ്ദേഹത്തിൻെറ അസംഖ്യം കവിതകളിലും, 'ഇരുട്ടറയിലെ അരചൻ' (King of the Dark Chamber) എന്ന നാടകത്തിലും സ്വീകരിച്ചിട്ടുള്ളതു്.

എല്ലാ യോഗാത്മകസാഹിത്യത്തിലും ബിംബങ്ങൾ ഉപയോഗിച്ചിരിക്കും എന്ന് ഒരു സാമാന്യലക്ഷണം പറയാൻ പാടില്ല. അങ്ങനെയല്ലാത്തുള്ള കൃതികളുണ്ട്. എന്നാൽ സൂക്ഷിച്ചു പരിശോധിക്കുന്നപക്ഷം അവസ്സും പ്രായേണ ഒരു ബിംബകസ്വഭാവമുണ്ടെന്നു കാണാൻ കഴിയും. ചില ദൃഷ്ടാന്തങ്ങൾകൊണ്ടേ ഇതു വ്യക്തമാക്കാൻ കഴിയൂ.

അതിലേക്കു് ഈ അവസരത്തിൽ ഞാൻ തുനിയുന്നില്ല. അതെങ്ങനെയിരുന്നാലും, യോഗാത്മകകൃതികൾ മിക്കതും ബിംബങ്ങളാണെന്നു പറയുന്നതിൽ തെററില്ല.

യോഗാത്മകസാഹിത്യം എന്നുവെച്ചാൽ മനസ്സിലാക്കാൻ നിർവ്വാഹമില്ലാത്ത, ഏതോ ഒരു ബാഹ്യഭംഗിയുള്ളതോ ഇല്ലാത്തതോ ആയ അസംബന്ധപ്രലപനങ്ങൾ, എന്നാണു പലരുടേയും അഭിപ്രായം. ഈ ആക്ഷേപത്തിൽ അല്പം സത്യമില്ലാതില്ല. എല്ലാവരും ആ സാഹിത്യം പെട്ടെന്നു മനസ്സിലാക്കി എന്നു വരികയില്ല. ഈ പരാജയത്തിനു കവിയും അനുവാചകനും ഒരുപോലെ ഉത്തരവാദികളാണെന്നും വരാം. കവി സമുചിതങ്ങളായ ബിംബങ്ങൾ സ്വീകരിക്കുന്നില്ല എന്നുവരികിൽ, ആ ബിംബങ്ങൾ അഭിവ്യഞ്ജിപ്പിക്കുന്ന ആദ്ധ്യാത്മികാനുഭൂതികൾ എന്താണെന്നു ഗ്രഹിക്കാൻ സഹായിക്കുന്ന സൂചനകൾ നല്കുന്നില്ല എന്നുവരികിൽ, കവിത ദുർഗ്രഹമായിത്തന്നെയിരിക്കും. അതുപോലെതന്നെ അതിൻെറ ബിംബകസ്വഭാവവും ആന്തരാത്ഥവും ഗ്രഹിക്കുന്നതിനുള്ള ത്രാണി അനുവാചകനില്ലാതെപോയാൽ അയാളെസ്സംബന്ധിച്ചിടത്തോളം അതു കേവലം അസംബന്ധംതന്നെ ആയിരിക്കും.

ഏതു കവിതയുടേയും സമഗ്രമായ ആസ്വാദനത്തിനു കവിയുടേയും അനുവാചകൻേറയും ഹൃദയങ്ങൾ തമ്മിൽ പൂണ്ണമായ അനുരഞ്ജനം ആവശ്യമാണു്. യോഗാത്മകകവിതകളെസ്സംബന്ധിച്ചിടത്തോളം ഈ അനുരഞ്ജനം അത്യാവശ്യവുമാണു്. ഒരു ശ്രമത്തിൽ അതു് അസാദ്ധ്യമെന്നു കണ്ടിട്ടു കവിത അസംബന്ധം എന്നു വിധിച്ചു പിൻവാങ്ങുന്നവക്കെല്ലാം വാസ്തവത്തിൽ അതു് അസാദ്ധ്യമായിരിക്കയില്ല. കുറേപ്പേക്കു സാദ്ധ്യമല്ലായിരിക്കാം. എന്നാൽ കുറേ അധികംപേക്കു് അതു സാദ്ധ്യംതന്നെയാണു്. അവർ അല്പംകൂടി ശ്രദ്ധിക്കുകയും ശ്രമിക്കുകയും ചെയ്യുമെങ്കിൽ, ആ യത്നത്തിനു തക്കതായ പ്രതിഫലം അവക്കു് അവസാനത്തിൽ ലഭിക്കുകയും ചെയ്യും.

ശ്രീ ശങ്കരക്കുറുപ്പിൻെറ യോഗാത്മകകവിതകളെല്ലാം ബിംബകങ്ങളാണു്. പക്ഷേ, അദ്ദേഹം ഉപയോഗിക്കുന്ന

ബിംബങ്ങൾക്കു് ഒരു പ്രത്യേകതയുണ്ടു്. മററു കവികൾ പ്രായേണ അവലംബിക്കാറുള്ളതു ചില മാനുഷികബന്ധങ്ങളെയാണു്. കാമുകീകാമുകബന്ധം, സേവ്യസേവകബന്ധം, പിതൃപുത്രബന്ധം ഇത്യാദി—'ഗീതാഞ്ജലി'യിലെ ഒരു ഗീതത്തിൽ മാത്രം പുഷ്പവും പൂജാമൂർത്തിയും തമ്മിലുള്ള ബന്ധം ബിംബമായി സ്വീകരിച്ചിട്ടുണ്ടു്.

ശ്രീ ശങ്കരക്കുറുപ്പു് പ്രകൃതിയിൽ കാണുന്ന ചില വസ്തുക്കളിൽ മനുഷ്യത്വം അഥവാ ആത്മവത്ത്വം അദ്ധ്യവസായം ചെയ്യുന്നു. അവയെ പല ഭാവങ്ങളിൽ ഇണക്കി ആ ബന്ധങ്ങളെ ജീവാത്മാവും പരമാത്മാവും തമ്മിലുള്ള ബന്ധങ്ങളുടെ ബിംബങ്ങളായി സ്വീകരിക്കുന്നു. ഇതു യഥാർത്ഥത്തിൽ ഒരു ഇരട്ട അദ്ധ്യവസായപ്രയോഗമാണു്. ഇതുകൊണ്ടു കവി നേടുന്നതു് ഒരു വലിയ കലാപരമായ വിജയമാണു്.

കാമുകനും കാമുകിയും തമ്മിലുള്ള ബന്ധം ഗാഢവും മഹനീയവുമാണെങ്കിലും മാനുഷികമാണു്. ജീവാത്മാവും പരമാത്മാവും തമ്മിൽ രൂപത്തിലും പ്രകൃതിയിലുമുള്ള വലുതായ അന്തരം ആ ബന്ധത്തിൽ പ്രകടമല്ല. കാമുകിയുടെ വിനയാതിരേകംകൊണ്ടു്, അധൈര്യാധിക്യംകൊണ്ടു്, ആരാധികാഭാവംകൊണ്ടു വേണ്ടിയിരിക്കുന്നു അതു സൂചിപ്പിക്കുവാൻ. അങ്ങനെയൊക്കെ സൂചിപ്പിച്ചാലും അനുവാചകരിൽ പലരും ആ വ്യത്യാസം ഗ്രഹിക്കാതെ, ആ വ്യത്യാസത്തിൽ നിബദ്ധമായിരിക്കുന്ന ആദ്ധ്യാത്മികതത്ത്വം എന്തെന്നു ധരിക്കാതെ, അതിനെ കേവലം ലൗകികപ്രേമമായി മാത്രം മനസ്സിലാക്കിപ്പോകുന്നു. പുരാണപ്രസിദ്ധമായ രാസക്രീഡ എത്രമാത്രം ദുർവ്യാഖ്യാനത്തിനും അവഹേളനത്തിനും പാത്രമായിട്ടുണ്ടെന്നു സ്മരിച്ചാൽ ഈ വസ്തുത ബോദ്ധ്യമാകും. പാരസികസാഹിത്യത്തിലേയും ഭാരതീയസാഹിത്യത്തിലേയും അസംഖ്യം യോഗാത്മക കവിതകൾ അല്പജ്ഞന്മാരായ അനുവാചകന്മാരാൽ ഇതേ വിധം ദുർവ്യാഖ്യാനംചെയ്യപ്പെട്ടിട്ടുണ്ടു്.

'ഗീതാഞ്ജലി'യിലെ അതിമനോഹരമായ ഒരു ഗീതം കൊണ്ടു് ഇതു വിശദമാക്കാം.

''അദ്ദേഹം വന്നു. എന്റെ അരികിൽ ഇരുന്നു.

എന്നിട്ടും ഞാൻ ഉണൎന്നില്ല. ഹാ ഭാഗ്യംകെട്ടവളേ! അതെന്തൊരു ശപിക്കപ്പെട്ട ഉറക്കമായിരുന്നു!

''രാത്രി പ്രശാന്തമായിരുന്നപ്പോറം അദ്ദേഹം വന്നു. അദ്ദേഹത്തിൻെറ കൈയിൽ അദ്ദേഹത്തിൻെറ വീണ ഉണ്ടായിരുന്നു. എൻെറ സ്വപ്നങ്ങറം അതിൻെറ മോഹനഗാനങ്ങറംകൊണ്ടു മുഖരിതങ്ങളായി.

''കഷ്ടം! എന്തുകൊണ്ടാണു് എൻെറ രാത്രികളെല്ലാം ഇങ്ങനെ നഷ്ടപ്പെട്ടുപോകുന്നതു്? ആരുടെ ശ്വാസം എൻെറ നിദ്രയെ സ്പൎശിക്കുന്നുവോ അദ്ദേഹത്തിന്റെ ദൎശനം എന്തുകൊണ്ടാണു് എനിക്കൊരിക്കലും ലഭിക്കാതെപോകുന്നതു്?''

ഇതിനെ കേവലം പ്രാപഞ്ചികമായ ഒരു പ്രേമഗാനമായി ഒരാറം സ്വീകരിച്ചാൽ അതു് ഒരു മഹാപരാധമായിരിക്കും, സംശയമില്ല. പക്ഷേ, അറിയാതെ ചെയ്യുന്ന ഒരപരാധമായിരിക്കും. ആ തെററു് അക്ഷന്തവ്യമല്ല.

ഈ അപകടത്തിൽനിന്നു ശ്രീ ശങ്കരക്കുറുപ്പു് തൻെറ യോഗാത്മകകവിതകളെ നിശ്ശേഷം വിമുക്തങ്ങളാക്കിയിരിക്കുന്നു. അവയുടെ ആന്തരാൎത്ഥം ശരിക്കു മനസ്സിലാക്കാത്തവർപോലും അവയെ കേവലം പ്രേമഗാനങ്ങളായി തെററിദ്ധരിക്കുകയില്ല. ഒന്നാമതായി, അവയിൽ സ്വീകരിച്ചിരിക്കുന്ന ബിംബങ്ങറം മാനുഷികങ്ങളല്ല. രണ്ടാമതായി, ആ ബിംബങ്ങറം തമ്മിലുള്ള അന്തരം അതിവിപുലമാണു്. ഈ വിപുലമായ അന്തരം ജീവാത്മാവും പരമാത്മാവും തമ്മിലുള്ള ബന്ധത്തിൻെറ പ്രത്യേകതകളെ സുവ്യക്തമായി ദ്യോതിപ്പിക്കുന്നതിനുള്ള സൗകര്യം കവിക്കു നല്കുന്നു. അദ്ദേഹത്തിൻെറ ഏതു യോഗാത്മകകവിത പരിശോധിച്ചാലും ഈ വസ്തുത സ്പഷ്ടമാകും. 'പങ്കജഗീതം' തന്നെ ഉദാഹരണമായിട്ടെടുക്കാം.

സൂര്യൻെറ നേക്കാണു പങ്കജം അതിൻെറ ആത്മഗീതം ഉയൎത്തുന്നതു്. പങ്കജവും സൂര്യനും. എന്തൊരന്തരം! എങ്കിലും എന്തൊരു ഗാഢമായ ബന്ധം!

''അന്ധമാം തമസ്സിൽനിന്നൎത്ഥനാനിരപേക്ഷം
ഹന്ത മാം പ്രകാശത്തെപ്പൂകിച്ച പുണ്യാലോക,
ലോകബാന്ധവ,....''

എന്ന ആദ്യത്തെ സംബോധനയിൽത്തന്നെ കവി ആവിഷ്കരിക്കാൻ ഭാവിക്കുന്ന ആദ്ധ്യാത്മികബന്ധം തെളിയുന്നു. അതിമനോഹരമായ ആ ഗീതത്തിൻെറ അങ്ഗമിങ്ങും ഉദ്ധരിച്ച് അതിനെ വികലമാക്കുക എന്ന കലാഹിംസയ്ക്കു ഞാൻ മുതിരുന്നില്ല. അതിലെ ഓരോ വരിയും ഓരോ വാക്കും സവ്വവ്യാപകവും സവ്വസംരക്ഷകവും പ്രേമസ്വരൂപവുമായ പരമാത്മചൈതന്യത്തിൻെറ സാന്നിദ്ധ്യത്തിൽ, പ്രത്യക്ഷദശനത്തിൽ, അനുഗ്രഹദായകമായ പരിലാളനത്തിൽ ആനന്ദമടയുകയും, ആ പരാശക്തിയുടെ നേക്കു തോന്നുന്ന നിസ്സീമമായ കൃതജ്ഞതയാലും പ്രേമഭാരത്താലും ഭക്തിപ്രചുരിമയാലും പരവശമാകുകയും ചെയ്യുന്ന ജീവാത്മാവിൻെറ ഭാവവിശേഷങ്ങളെ എത്ര സമത്ഥമായി അഭിവ്യഞ്ജിപ്പിക്കുന്നു എന്നു വായനക്കാർ നേരിട്ടു് അനുഭവിച്ചറിയുകയാണു നല്ലതു്.

ജീവാത്മാവിൻെറ ബിംബങ്ങളായി അദ്ദേഹം സ്വീകരിക്കുന്നതു ക്ഷുദ്രമായ കാനനപുഷ്പവും, പാഴ്മണ്ണിൻ വികാരമായ പങ്കജവും, ഘനീഭൂതബാഷ്പമായ മേഘവും, മലീമസമായ രാത്രിയും മററുമാണെങ്കിൽ പരമാത്മാവിൻെറ ബിംബങ്ങളായി സ്വീകരിക്കുന്നതു ശാശ്വതജഗൽപ്രാണനായ പവമാനനും, ലോകബാന്ധവനും തേജോരൂപനുമായ സൂര്യനും, ആദിയുമന്തവുമില്ലാതെ വെണ്മവാച്ചാദിത്യചന്ദ്രാദിക്കാലംബമായി ജംഗമാജംഗമവ്യാപിയായ് മിന്നുന്ന അംബരവും മററുമാണു്. സാമാന്യബുദ്ധിയുള്ള ഒരുവനും തെററിദ്ധരിക്കാൻ നിവ്വാഹമില്ലാത്ത ബിംബങ്ങളാണിവ.

സമുചിതങ്ങളായ ബിംബങ്ങളുടെ സ്വീകരണത്തിലും അവയുടെ സമത്ഥമായ കൈകാര്യത്തിലും ഈ കവി അസൂയാഹ്മായ വിജയമാണു നേടിയിട്ടുള്ളതു്. ഈ വിഷയത്തിൽ അദ്ദേഹം പ്രദശിപ്പിച്ചിട്ടുള്ള നൂതനത്വവും വ്യക്തിത്വവും അദ്ദേഹത്തിനും കൈരളിക്കും അഭിമാനജനകമാണു്.

യോഗാത്മകസാഹിത്യംപോലെ കള്ളക്കമ്മട്ടത്തിനു സൗകര്യം നല്കുന്ന മറെറാരു സാഹിത്യശാഖയില്ലെന്നുതന്നെ

പറയാം. ഏതിലുമുണ്ട് കള്ളനാണയങ്ങൾ. എന്നാൽ മററുള്ള ശാഖകളിലെ കള്ളനാണയങ്ങൾ കണ്ടുപിടിക്കാൻ വിഷമമില്ല. ഇതിലങ്ങനെയല്ല. ശരിനാണയത്തിന്റെ ലക്ഷണങ്ങൾ ഭൂരിപക്ഷം ആളുകൾക്കു നിശ്ചയമില്ലാത്തപ്പോൾ കള്ളനാണയങ്ങൾ എളുപ്പത്തിൽ വിലപ്പോകും.

ഈ ശാഖയിലെ കള്ളക്കമ്മട്ടക്കാരിൽ പലരും പരവഞ്ചനയോടൊപ്പം ആത്മവഞ്ചനയും നിർവ്വഹിക്കുന്നുണ്ട്. അവർക്കു സിദ്ധിക്കുന്ന അലൗകികാനുഭൂതികൾക്കുള്ള അവൈശദ്യംകൊണ്ടോ, ബിംബസ്വീകരണത്തിൽ അവർക്കു പററുന്ന ഔചിത്യക്കേടുകൊണ്ടോ അവരുടെ കൃതികൾ അവ്യക്തങ്ങളോ നിരർത്ഥകങ്ങളോ ആയിപ്പോകുന്നു. മററുചിലർ കേവലം ബൗദ്ധമായ സങ്കല്പം പ്രത്യക്ഷമായ അനുഭൂതിക്കു സമമാണെന്നു തെററിദ്ധരിക്കുന്നു. നാം യുക്തികൊണ്ടും സങ്കല്പംകൊണ്ടും മാത്രം അറിയുന്ന പല കാര്യങ്ങളുണ്ട്. അവ നമ്മുടെ നേരിട്ടുള്ള അനുഭവങ്ങളല്ല. ആററംബോംബു നിർവ്വഹിച്ച അവർണ്ണനീയമായ സംഹാരത്തെപ്പററി നാമെല്ലാം പത്രങ്ങളിൽ വായിച്ചു. സാമാന്യം സങ്കല്പശക്തിയുള്ളവർ ആ ഭയങ്കരരംഗം മനസ്സിൽ ചിത്രീകരിച്ചു ദീർഘനേരം സ്തബ്ധരായി ഇരുന്നുംകാണും. പക്ഷേ, അയൽവക്കത്തുള്ള ഒരാളിന്റെ അപമൃത്യു നമ്മിൽ ഉണ്ടാക്കുന്ന ക്ഷോഭംപോലും ജപ്പാനിലെ രണ്ടു മഹാനഗരങ്ങളെ അവയിലുള്ള സകല ചരാചരങ്ങളുമുൾപ്പെടെ നിശ്ശേഷം നാമാവശേഷമാക്കിയ ആ മഹാസംഹാരത്തിന്റെ സങ്കല്പം നമ്മിൽ ജനിപ്പിച്ചോ എന്നു പരിശോധിച്ചുനോക്കണം. അപ്പോൾ അറിയാം സങ്കല്പവും നേരിട്ടുള്ള അനുഭവവും തമ്മിലുള്ള വ്യത്യാസം. ഒന്നു വികാരങ്ങളെ പരിക്ഷീണമായിമാത്രം സ്പർശിക്കുമ്പോൾ മററതു് അവയെ ശക്തിയായി ക്ഷോഭിപ്പിക്കുന്നു.

യഥാർത്ഥവും തീക്ഷ്ണവുമായ വികാരത്തിന്റെ സുവ്യക്തമായ നാദം ഉയർത്താത്ത യോഗാത്മകകവിത കള്ളനാണയമാണ്. ശ്രീ ശങ്കരക്കുറുപ്പിന്റെ ഏതു കവിതയ്ക്കുമുള്ള ഗുണം അതിലെ അനിഷേദ്ധ്യമായ വികാരപ്രാചുര്യമാണ്. അകൃത്രിമമായ വികാരത്തിന്റെ സുവ്യക്തമായ

രണനം അദ്ദേഹത്തിൻെറ യോഗാത്മകകവിതകാംക്കെല്ലാം തികഞ്ഞ വിശ്വാസ്യത നല്കുന്നു.

‘‘പുല്ലിൻകൊടിമുതൽ പൂർവ്വാചലംവരെ
പൂരിതവിസ്മയം നോക്കും നിന്നെ
തൻനിഴലാലെ കറുപ്പിച്ചുപോയാലു-
മിന്നിശതന്നിലലിവുതാക!

*　　　　*　　　　*

മന്നിൻ കരിനിഴലൊന്നിച്ചുളവായോ-
രിന്നിസർഗ്ഗാന്ധയാം രാത്രിയെങ്ങോ?

*　　　　*　　　　*

ശ്രീമത്താം നിൻതിരുമാറിൽ മലിനയാം-
താമസി, ഞാൻ തലചാച്ചുനില്ക്കേ,
മിന്നുന്ന കണ്ണുനീർത്തുള്ളികളെൻ കണ്ണിൽ-
നിന്നുമവിടെയടന്നു വീഴ്കേ,
പ്രേമവിവശം മുടിയിൽ മുകരുന്ന
നീ മറന്നായല്ലോ നിന്നെത്തന്നെ!’’

ഇത്യാദി ‘നിശാഗീത’ഭാഗങ്ങളും,

‘‘നീരവം ദലാധരം വെറുതേ ചലിപ്പൂ നിൻ
സാരമാമപദാനം ഗാനത്തിൽ പകർത്തുവാൻ.
സേവനവ്യഗ്രാകമ്പിവക്ഷസ്സിൽ ചേർക്കാം ദിവ്യ
താവകപാദം മേന്മേൽ മുകരാം നെടുവീർക്കാം,
ആവതെന്തല്ലാതെന്നാൽ? എന്നശക്തതതന്നെ
ദേവ, ഞാനുപായനീകരിപ്പൂ തൃപ്പാദത്തിൽ;

*　　　　*　　　　*

നാകത്തെത്തിളക്കുന്ന തൃക്കൈയാൽ—അയ്യാ! മദോ-
ദ്രേകത്താൽ ഞാനെമ്മട്ടു തുള്ളില്ല—തലോടുമ്പോൾ?

*　　　　*　　　　*

ചേണററ നിൻ ചൈതന്യമൊന്നുതാനൊരേമട്ടിൽ
കാണുവാനെൻ കണ്ണിന്നു കാഴ്ച, നീയരുളായ്കിൽ,
നിദ്രയിൽ പിറന്ന ഞാൻ നിദ്രയിൽ ജീവിച്ചേനേ!
നിദ്രയിലവസാനകാലത്തു ലയിച്ചേനേ!

ലബ്ധബോധമാം ജന്മദേശത്തിന്നിളക്കത്താൽ,
ക്ഷുബ്ധമന്തരിക്ഷത്തിൻ ദുന്നിവാരമാം വീപ്പാൽ,
നിമ്മുഖോല്ലസന്നിത്യസൗന്ദര്യം നുകരുവാ-
നുന്മുഖം നില്ക്കും നില്പിൽനിന്നു ഞാനലയൊല്ലേ.''

ഇത്യാദി 'പങ്കജഗീത'ഭാഗങ്ങളും പ്രേമനിർഭരവും ഭക്തിപരവശവുമായ ഒരു ഹൃദയത്തിൻെറ സ്പന്ദനങ്ങളാൽ സുവ്യക്തം തരംഗിതങ്ങളാണ്.

മലയാളത്തിലെ അസമാനനായ യോഗാത്മകകവിയായി, കൈരളിക്ക് അനന്യദത്തവും അനൎഘവുമായ ഒരു സംഭാവന ചെയ്വാൻ കഴിഞ്ഞിട്ടുള്ള അപൂൎവ്വം ചിലരിൽ ഒരാളായി ശ്രീ ശങ്കരക്കുറുപ്പിനെ ഞാൻ കരുതുന്നതിൻെറ കാരണങ്ങൾ ഈ പരാമർശംകൊണ്ടു സാമാന്യം വ്യക്തമായിരിക്കും എന്നു വിശ്വസിക്കുന്നു.

അദ്ദേഹത്തിൻെറ യോഗാത്മകകവിതകൾക്കുള്ള ഒരു പരിമിതികൂടി ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. അദ്ദേഹത്തിൻെറ ആത്മീയാനുഭൂതികൾക്ക് ആഴമുണ്ട്, വൈശദ്യമുണ്ട്. അവയുടെ ആവിഷ്കരണം പ്രഗല്ഭമായും മനോഹരമായും അദ്ദേഹം സാധിക്കുന്നുണ്ട്. ആ കവിതകളോരോന്നും ഓരോ കുററമററ കലാകൃതിയാണ്. എന്നാൽ അവ ആവിഷ്കരിക്കുന്ന അനുഭൂതികൾക്കു വൈവിധ്യം വളരെയില്ല. മിക്കവാറും ഒരേ ആത്മീയഭാവങ്ങളെത്തന്നെ വിഭിന്നരൂപങ്ങളിൽ ഒന്നിലധികം കവിതകളിൽ അദ്ദേഹം പ്രകാശിപ്പിക്കുന്നുണ്ട്. ആന്തരികമായ വൈവിധ്യത്തെക്കാൾ ബാഹ്യമായ വൈവിധ്യമാണവയ്ക്കുള്ളത്. ആ കവിതകൾമാത്രം ഒരുമിച്ചു തുടർച്ചയായി വായിക്കുന്ന ഒരാൾക്ക് ഈ വാസ്തവം ബോധ്യമാകാതിരിക്കയില്ല. ടാഗൂറിൻെറ യോഗാത്മകഗീതങ്ങളുമായി അവയെ ഒന്നു തട്ടിച്ചുനോക്കിയാൽ അതു കൂടുതൽ ബോദ്ധ്യമാകും.

ശ്രീ ശങ്കരക്കുറുപ്പിൻെറ ലക്ഷണംതികഞ്ഞ യോഗാത്മകകവിതകളുടെ എണ്ണം വളരെ വലുതല്ല. യോഗാത്മകച്ഛായ സ്ഫുരിപ്പിക്കുന്ന കവിതകൾ അനേകമുണ്ടെങ്കിലും സൂക്ഷ്മപരിശോധനയിൽ അവയിൽ പലതിനും യോഗാത്മകത്വത്തിൻെറ പൂൎണ്ണലക്ഷണങ്ങളില്ലെന്നു കാണാൻ കഴി

യും. 'സൂര്യകാന്തി' എന്ന കവിതതന്നെ ഇതിനുദാഹരണമാണ്. അതിലെ സൂര്യകാന്തിക്ക് ജീവാത്മാവിന്റെ ബിംബമാകാൻ സാമാന്യം അർഹതയുണ്ടെങ്കിലും അതിലെ 'സൂര്യ'കല്പന പരമാത്മാവിന്റെ ശരിബിംബം ആകുന്നില്ല. അതിനു കേവലം മാനുഷമായ ഒരു പരിമിതിയുണ്ട്; മാനുഷമായ വികാരപാരവശ്യവും ശക്തിഹീനതയുമുണ്ട്. ആ ഹൃദ്രമൻ നിദ്രയില്ലാഞ്ഞ്—പ്രണയവൈവശ്യത്താൽ എന്നു പറയേണ്ടതില്ലല്ലോ—പുലർച്ചയ്ക്ക് ആരക്തനേത്രനായെത്തും, അവളെ പുരമുററത്തു നോക്കും, തെക്കൻകാററടിച്ചുടന്നിളമേൽ കിടക്കുന്ന അവളുടെ ജീർണ്ണമായ അംഗകം കാണുമ്പോഠം നീലക്കാറുറുമാലാലിക്ഷണം ക്ഷണമൊപ്പി ആ പ്രണയാകുലൻ ഇങ്ങനെ വിഷാദിക്കും:

''ആ വിശുദ്ധമാം മുഗ്ദ്ധപുഷ്പത്തെക്കണ്ടില്ലെങ്കിൽ!
ആവിധം പരസ്പരം സ്നേഹിക്കാതിരുന്നെങ്കിൽ!''

ഇതൊന്നും പരമാത്മഭാവങ്ങളല്ലെന്നു സ്പഷ്ടം. ഈ സൂര്യനേയും പങ്കജഗീതത്തിലെ സൂര്യനേയും ഒരുമിച്ചു നിറുത്തി ഒന്നു പരിശോധിച്ചാലറിയാം അവർ തമ്മിലുള്ള വലുതായ അന്തരം, ആ കവിതകഠം തമ്മിലുള്ള മൗലികമായ വ്യത്യാസം. പക്ഷേ, അതുകൊണ്ട് 'സൂര്യകാന്തി'യുടെ ഹൃദയാവർജ്ജകമായ കലാസൗന്ദര്യത്തിനു യാതൊരു കുറവുമുണ്ടാകുന്നില്ല എന്നു പ്രത്യേകം പറഞ്ഞുകൊള്ളട്ടെ. 'സൂര്യകാന്തി'യും 'പങ്കജഗീത'വും വ്യത്യസ്തസ്വഭാവങ്ങളായ രണ്ടു കവിതകളാണെന്നു ചൂണ്ടിക്കാണിച്ചു എന്നേയുള്ളു.

ശബ്ദാർത്ഥങ്ങളുടെ സമീചീനമായ സംയോഗം ശ്രീ ശങ്കരക്കുറുപ്പിന്റെ കവിതകഠംക്കുള്ള ഒരു വലിയ മേന്മയാണ്. വാക്കുകളെ വളരെ സൂക്ഷിച്ചു തിരഞ്ഞെടുക്കുന്ന കൂട്ടത്തിലൊരാളാണദ്ദേഹം. വാക്കുകഠംക്ക് അർത്ഥം മാത്രമല്ല ഉള്ളതു്. നിറവും മണവുംകൂടിയുണ്ട്. കേവലമായ അർത്ഥത്തിനുപരിയായി ചില വൈകാരികസ്മരണകളോ നിഗൂഢങ്ങളായ ചില ഹൃദയവീചികളോ ഉണർത്താനുള്ള ശക്തിയുംകൂടിയുണ്ട്. ഈ തത്ത്വം വിസ്മരിക്കുന്ന കവി കാവ്യകലയുടെ നിസ്സീമങ്ങളായ സാദ്ധ്യതകളെപ്പററി അല്പജ്ഞനോ അജ്ഞനോ ആണ്. വാക്കുകളുടെ കലാപര

മായ മൂല്യങ്ങളെപ്പററി സാമാന്യത്തിൽക്കവിഞ്ഞ നിശ്ച യം ഈ കവിക്കുണ്ട്.

ഔചിത്യദീക്ഷയിൽ അദ്ദേഹം ദത്തശ്രദ്ധനാണ്. വാക്കിലോ അലങ്കാരത്തിലോ ആശയത്തിലോ പ്രതിപാ ദനരീതിയിലോ ഔചിത്യഭംഗം അദ്ദേഹത്തിൻെറ കവി തകളിൽ പ്രായേണ സംഭവിക്കാറില്ല.

അദ്ദേഹത്തിൻെറ പരിണതങ്ങളായ കവിതകളിൽ പൊതുവേ ഒന്നുരണ്ടു ചായ്വുകൾ പ്രത്യക്ഷപ്പെടുന്നുണ്ട്. അദ്ദേഹം അതറിഞ്ഞിട്ടുണ്ടോ എന്നു നിശ്ചയമില്ല. ഏതാ യാലും അദ്ദേഹത്തിൻെറ ശ്രദ്ധ ഞാൻ അങ്ങോട്ടൊന്നു ക്ഷണിക്കുകയാണ്.

അനാവശ്യപദങ്ങളുടെ നിഷ്കൃഷ്ടമായ നിരാസ ത്തിലും, ഓരോ പദത്തിലും അതിനു താങ്ങാൻ കഴിയുന്ന പരമാവധി അർത്ഥവും സൂചനയും സംഭരിക്കുന്നതിലും അദ്ദേഹം വളരെ ശ്രദ്ധിക്കുന്നുണ്ടെന്നു തോന്നുന്നു. ഇതു ഗുണ മാണെങ്കിലും കൂടുതലായാൽ കവിതകൾ അനുവാചക സാമാന്യത്തിനു ദുർഗ്രഹങ്ങളായിത്തീരും. അദ്ദേഹത്തി ൻെറ കവിതയ്ക്കു സാമാന്യേന ഉണ്ടായിരുന്ന ലാളിത്യം ഈ ആത്മനിർബ്ബന്ധത്തിൻെറ ഫലമായി അല്പാല്പം കുറയു ന്നില്ലേ എന്നൊരു സംശയം.

ഒരുപക്ഷേ, ഈ നിർബ്ബന്ധംതന്നെ ആയിരിക്കാം കാരണം, അപൂർവ്വം ചില അവസരങ്ങളിൽ ശബ്ദഭംഗിയെ അറിഞ്ഞുകൊണ്ടു ബലികഴിക്കാനും അദ്ദേഹം മടിക്കുന്നി ല്ല. പ്രായേണ അത്യന്തമായ ശബ്ദമാധുര്യമാണ് അദ്ദേഹ ത്തിൻെറ കവിതകൾക്കുള്ളതു്. അതിനുവേണ്ടി അദ്ദേഹം ഒട്ടുംതന്നെ ക്ലേശിക്കേണ്ടതായും വരുന്നില്ല. 'മതി!' എന്ന കവിതയിലെ ശബ്ദരാമണീയകവിലാസം ആ വഴിക്കു് അദ്ദേഹത്തിനുള്ള കഴിവിനു ദൃഷ്ടാന്തമാണ്. അതിലും 'വസന്തോത്സവ'ത്തിലും രണ്ടുതരം അന്ത്യപ്രാസങ്ങൾ— ഇംഗ്ലീഷുകവിതകളിൽ രണ്ടും വളരെ സാധാരണമാണ്— അദ്ദേഹം വിജയപൂർവ്വം പരീക്ഷിച്ചുനോക്കിയിരിക്കുന്നു എന്നു കാണാം. ശബ്ദാലങ്കാരകാര്യത്തിൽ അദ്ദേഹം ഉദാ സീനനല്ലെന്നു തീർച്ചയാണ്. അദ്ദേഹത്തിൻെറ കവിത

കാംകളുള്ള സർവ്വാംഗീണമായ ശബ്ദമാധുരിതന്നെ ആയിരിക്കാം, അവയിൽ അപ്രതീക്ഷിതമായുണ്ടാകുന്ന ദുഃശ്രവണങ്ങൾക്ക കാക്കശ്യം കൂട്ടുന്നതു്.

മറെറാരു ചായ്‌വു് തത്വചിന്തനൌത്സുക്യമാണു്. കവിതയ്ക്കു കഴമ്പും തൂക്കവും കൊടുക്കുന്ന ഒന്നാണു ചിന്ത. ശ്രീ ശങ്കരക്കുറുപ്പിന്റെ പല കവിതകാംക്കും കഴമ്പും തൂക്കവും ചിന്ത ഉദാരമായി സംഭാവനചെയ്യുന്നുണ്ടു്. കവിയും ചിന്തകനും ആ കവിതകളിൽ പ്രായേണ അനുരഞ്ജിച്ചുതന്നെയാണു വത്തിക്കുന്നതു്. എന്നാൽ അപൂവ്വം ചില അവസരങ്ങളിൽ കവിയുടെ കൈ തട്ടിയിട്ടു ചിന്തകൻ സ്വതന്ത്രനാകാൻ ആയുന്നില്ലയോ എന്നൊരു ശങ്ക. ഇതുവരെ അയാരം ഉച്ഛൃംഖലനായിട്ടില്ല, ആവുകയില്ലെന്നുമാണു് എന്റെ പ്രത്യാശ. എന്തുകൊണ്ടെന്നാൽ അയാളെ പിടിച്ചിരിക്കുന്ന കവിയുടെ കരുത്തിൽ എനിക്കു് അത്രയ്ക്കു വിശ്വാസമുണ്ടു്. എങ്കിലും അല്പംകൂടി സൂക്ഷിക്കുന്നതുകൊണ്ടു് എന്തായാലും തരക്കേടില്ല.

അവതാരിക ഇതാ സമാപിക്കുന്നു. അതു സാമാന്യത്തിൽക്കവിഞ്ഞു ദീഘിച്ചുപോയി, ക്ഷമിക്കണം.

ശ്രീ ശങ്കരക്കുറുപ്പു് അസംഖ്യം കാവ്യകുസുമങ്ങരം കൈരളീപാദങ്ങളിൽ അർച്ചനചെയ്തിട്ടുണ്ടു്. അവയിൽ ഒട്ടുവളരെയെണ്ണം വാടാത്തവയാണു്; എന്നും പുതുമണം വീശുന്നവയാണു്. ആ പുണ്യക്ഷേത്രത്തിൽ ആരാധനയ്ക്കെത്തുന്ന ഭക്തജനങ്ങരംക്കെല്ലാം നിർവൃതി നല്കിക്കൊണ്ടിരിക്കുന്ന ഈ പാവനമായ പൂജ നിർവ്വിഘ്നം ദീഘകാലം തുടൻനുകൊണ്ടുപോകുവാനുള്ള സൗഭാഗ്യം അദ്ദേഹത്തിനുണ്ടാവട്ടെ!

തിരുവനന്തപുരം
26-3-1946

കൈനിക്കര കുമാരപിള്ള

## കവിതകൾ

സൂര്യകാന്തി
ചന്ദ്രക്കല
അന്വേഷണം
നവവത്സരം
എന്റെ വേലി
നിശാഗീതം
മതി!
ഭൃംഗഗീതി
ഭാവാഭാവം
ശൈശവം
പങ്കജഗീതം
വന്ദനം തഥാഗത!
"ഇന്നു ഞാൻ, നാളെ നീ"
വസന്തോത്സവം
രാക്കുയിൽ
പ്രേമപിപാസ

# സൂര്യകാന്തി

മന്ദമന്ദമെൻ താഴം
മുഗ്ദ്ധമാം മുഖം പൊക്കി-
സ്സുന്ദരദിവാകരൻ
ചോദിച്ചു മധുരമായ്:

"ആരു നീയനുജത്തീ?
നിന്നിമേഷമായെന്തെൻ
തേരു പോകവേ നേരേ
നോക്കിനില്ക്കുന്നു ദൂരേ?

സൗമ്യമായ് പിന്നെപ്പിന്നെ
വിടരും സ്നിഗ്ദ്ധക്കണ്ണാൽ
രമ്യമായ് വീക്ഷിക്കുന്നു
തിരിഞ്ഞു തിരിഞ്ഞെന്നെ;

വല്ലതും പറയുവാ-
നാഗ്രഹിക്കുന്നുണ്ടാവാ-
മില്ലയോ? തെററാണെന്നഹ-
മെങ്കിൽ, ഞാൻ ചോദിച്ചീല!"

ഒന്നുമുത്തരം തോന്നീ–
 ലെ,ങ്ങനെ തോന്നും! സർവ്വ–
സന്നുതൻ സവിതാവെ–
 ങ്ങെങ്ങു നിർഗ്ഗന്ധം പുഷ്പം!

അർയ്യമാവിനെ സ്നേഹി–
 ക്കുന്ന ധിക്കാരത്തിന്നു
സൂർയ്യകാന്തിയെന്നെന്നെ–
 പ്പുച്ഛിപ്പതാണീ ലോകം!

'പരനിന്ദ' വീശുന്ന
 വാളിനാൽ ച്ചൂളിപ്പോകാ,
പരകോടിയിൽ ചെന്ന
 പാവനദിവ്യസ്നേഹം.

ധീരമാ മുഖംതന്നെ
 നോക്കിനിന്നു ഞാൻ ഗുണോ–
ദാരനാമവിടത്തേ–
 യ്ക്കെന്തുതോന്നിയോ ഹൃത്തിൽ!

ഭാവപാരവശ്യത്തെ
 മറയ്ക്കാൻ ചിരിപ്പതി–
നാവതും ശ്രമിച്ചാലും
 ചിരിയായ് തീർന്നീലല്ലോ

മഞ്ഞുതുള്ളിയാണെന്നു
 ഭാവിച്ചേനാനന്ദാശ്രു,
മാഞ്ഞുപോം കവിൾത്തുടു–
 പ്പിളവെയ്‌ലിലെന്നോർത്തേൻ;

വേപമുണ്ടായംഗത്തിൽ,–
        കുളിർകാററിനാൽ, ലജ്ജാ–
ചാപലത്താലല്ലെന്നു
        നടിച്ചേനധീര ഞാൻ.

ക്ഷുദ്രമാമിപ്പുഷ്പത്തിൻ–
        പ്രേമത്തെഗ്ഗണിച്ചാലോ
ഭദ്രനാദ്ദേവൻ നിന്ദ–
        നീയമായഗണ്യമായ്!

മാമകപ്രേമം നിത്യ–
        മൂകമായിരിക്കട്ടെ,
കോമളനവിടന്നു–
        ളുഹിച്ചാലൂഹിക്കട്ടെ,

സ്നേഹത്തിൽനിന്നില്ലല്ലോ
        മറെറാന്നും ലഭിച്ചീടാൻ;
സ്നേഹത്തിൻ ഫലം സ്നേഹം
        ജ്ഞാനത്തിൻ ഫലം ജ്ഞാനം

സ്നേഹമേ പരം സൗഖ്യം,
        സ്നേഹഭംഗമേ ദുഃഖം,
സ്നേഹം മേ ദിക്കാലാതി–
        വർത്തിയായ് ജ്വലിച്ചാവൂ!

ദേഹമിന്നതിൻ ചൂടിൽ–
        ദ്ദഹിച്ചാൽ ദഹിക്കട്ടെ,
മോഹനപ്രകാശമെ–
        ന്നാത്മാവു ചുംബിച്ചല്ലോ.

മാമക മനോഗത-
മവിടന്നറിഞ്ഞെന്നോ!
പോമലവദ്ദേഹത്തിൻ-
മുഖവും വിവർണ്ണമായ്.

വളരെപ്പണിപ്പെട്ടാ-
ണെൻെറമേൽനിന്നും ദേവൻ
തളരും സുരക്തമാം
കൈയെടുത്തതു നൂനം.

അക്ഷരം പുറപ്പെട്ടി-
ല്ലന്യോന്യം നോക്കീ ഞങ്ങൾ;
തൽക്ഷണം കറമ്പി രാ-
വെന്തിനങ്ങോട്ടേക്കെത്തി!

നന്ദി കാണിപ്പാനെൻെറ
ശിരസ്സു കുനിഞ്ഞതു
മന്ദിതോത്സാഹൻ പോകെ-
ക്കണ്ടിരിക്കില്ലാ ദേവൻ!

നിദ്രയില്ലാഞ്ഞാരക്ത-
നേത്രനായ് പുലച്ച്ക്കു
ഹൃദ്രമനെത്തും, നാളെ,
നോക്കുമീ മുററത്തെന്നെ;

വിളറും മുഖം വേഗം,
തെക്കൻകാററടിച്ചട-
ന്നിളമേൽക്കിടക്കുമെൻ-
മ്ലാനമാമംഗം കാൺകെ

ക്ഷണമാ നില്പിൽത്തന്നെ
നിന്നുപോയേക്കാം, പിന്നെ
പ്രണയാകുലൻ നാഥ-
നിങ്ങനെ വിഷാദിക്കാം:

"ആ വിശുദ്ധമാം മുഗ്ദ്ധ-
പുഷ്പത്തെക്കണ്ടില്ലെങ്കിൽ!
ആവിധം പരസ്പരം
സ്നേഹിക്കാതിരുന്നെങ്കിൽ!"

# ചന്ദ്രക്കല

താരകക്കുണുകൾ താവിമിന്നും ദിവ-
നീരവശാദ്വലഭൂമിയിൽക്കൂടവേ,

പാരമണ്ടിങ്ങു പടന്നുപിടിച്ചെഴും
നീരദച്ഛേദച്ചെറുമുൾച്ചെടികളിൽ,

വാരിയണിഞ്ഞ നിറനിലാവാകിയ
നേരിയ സാരിയഴിഞ്ഞിഴിഞ്ഞീടവേ,

ഇജ്ജഗത്തൊക്കെ മയക്കും നിജമുഖം
ലജ്ജയാൽ താനറിയാതെ കുനിഞ്ഞതാ,

ഒച്ചകൂടാതെയാനമ്രപാദം വച്ചു-
വച്ചതിമാത്രമധീര ചന്ദ്രക്കല

ഏകയായ് മൂകയായ്, സങ്കേതമെത്തുവാൻ
പോകയാം; അദ്ധന്യകാമുകനാരുവാൻ!

നല്ല കിനാവുകൾ കണ്ടു ചിരിക്കുന്നു
മുല്ലമലരും തളന്ന തടിനിയും.

ജാഗരക്ലിഷ്ടനായസ്വസ്ഥ ചിത്തനായ്
സാഗരംമാത്രം വിരിമണൽമെത്തയിൽ,

താനേ തിരിഞ്ഞും മറിഞ്ഞും കിടക്കയാ-
ണീ നേരമൊക്കെത്തുടിക്കും കരളുമായ്.

കാമുകൻതൻ നെഞ്ചിടിപ്പു കേട്ടെങ്ങനെ-
യാ മുഗ്ദ്ധ മേവുമകന്നുദാസീനയായ്!

പ്രേമമദ്ദശ്യകരത്താൽ വലിക്കയാൽ
വ്യോമത്തിൽനിന്നുമട്ടത്തട്ടത്തെത്തവേ,

സോമകലയെയണച്ചു ചുംബിക്കുവാ-
നോമൽത്തിരക്കൈയ്യുയർത്തിട്ടുന്നു കടൽ.

രാഗവിധുരമധീരമെന്മാനസ-
സാഗരമെന്നെൻെറ തിങ്കൾ തിളക്കുമോ!

# അന്വേഷണം

കവി ചോദിച്ചു: "കൊച്ചു
തെന്നലേ, ഭവാനാരെ-
ക്കവിയും പ്രേമംമൂലം
വെമ്പലാൎന്നന്വേഷിപ്പൂ?

ഇല്ല വിശ്രമമമാൎത്ത-
ന്നില്ല മറെറാരു ചിന്ത,-
യല്ലിലും പകലിലും
ഭ്രാന്തനെപ്പോലോടുന്നു?

കൊച്ചലർ തവോന്മാദ-
ചാപലം കണ്ടിട്ടാവാ-
മുച്ചലം പകച്ചലം
നോക്കുന്നു മേലും കീഴും.

ഓമലിൻ പേരൊന്നല്ലീ
ശബ്ദിപ്പതവ്യക്തം നീ,
പ്രേമത്തിൻ ലഹരിയാൽ
കാലുറയ്ക്കുന്നീലല്ലീ?

അന്യനു ലഭിക്കയി-
ല്ലീദൃശം ദിവ്യസ്നേഹ-
ജന്യമുന്മാദം! സത്യം,
ഞാനിതിലസൂയാലു!

തിരയൂ! വേഗം തോഴ,
തിരയൂ! മുളങ്കാടിൻ
ചിരിയെഗ്ഗണിക്കാതെ!
—ഇല്ലതിന്നന്തസ്സാരം.”

ഉദയന്നിശ്വാസത്തോട്ടച്ചരിച്ചിതാക്കാററു
സദയം മദംഗത്തെത്തടവിസ്സഗദ്ഗദം:

“ശ്രീമൻ, നിന്നനുമാനം
തെററല്ല; ചുററുന്നു ഞാൻ
പ്രേമസർവ്വസ്വത്തിൻെറ
മുഖദർശനത്തിന്നായ്.

ചിരകാലമായ് ഞങ്ങൾ
വേർപിരിഞ്ഞിട്ടെന്നാലും
സ്മരണ നട്ടക്കനി-
ന്നെന്നെയിട്ടലട്ടുന്നു.

ഞാനുണന്നപ്പോളാദി-
പ്പുലർകാലത്തി,പ്പാരും
വാനുമന്യോന്യം നോക്കി-
ശ്ശോകമൂകമായ് നില്പാം.

മാമകവക്ഷസ്ഥലം
ശൂന്യമായ് കണ്ടു; പോയാ-
ളോമലാളയ്യോ! രാഗ-
വിശ്വാസപരീക്ഷാർത്ഥം.

ചേണിയന്നൊന്നോ രണ്ടോ
വെൺതാരമന്താരപ്പൂ
വേണിയിങ്കൽനിന്നൂൻ്റ
വീണിരുന്നിതു പോകെ;

കളനൂപുരാരാവം
കേട്ട ഞാനയ്യോ പക്ഷി-
ഗളനിർഗ്ഗളന്നാദ-
മെന്നല്ലോ വിചാരിച്ചൂ!

പുലരിത്തുടപ്പെന്നു
ചിന്തിച്ചുപോയീ പാദ-
മലരിന്നലക്തക-
രക്തമാം പാടന്നേരം.

കനകാംഗുലീയക-
മൂരിയിട്ടിരുന്നത-
ന്നിനബിംബമാണെന്നു
ഞാൻ വിചാരിച്ചു മൂഢൻ.

വാനിലോമ്മന്സ്സായിട്ടു-
പോയ പട്ടുറുമാലു
വാരിദശകലമെ-
ന്നോത്തു ഞാൻ സൂക്ഷിച്ചീല.

പാടലം പാരാവാര-
മെന്നോത്തു പാദാരക്ത-
പ്പാടണിച്ചുളിവിരി-
ത്തലപ്പിൽ ചുംബിച്ചീല.

അന്നുതൊട്ടന്വേഷിപ്പൂ
നാലുദിക്കിലും തെണ്ടി-
യെന്നുടെ കഥ മറ-
ന്നാ രസസ്വരൂപത്തെ!

കണ്ടവരില്ലാ പാരിൽ;
കണ്ടുവെന്നുരപ്പവർ
കണ്ടവരല്ലാ; കാണാൻ
ഞാൻ സ്വയം യത്നിക്കേണം.

ആരെ ഞാനന്വേഷിപ്പ-
താ പ്രേമധാമംതന്നെ
തീരെയില്ലെന്നോതുന്ന
നാവെനിക്കവിശ്വാസ്യം.

ആ മുഗ്ദ്ധമുല്ലപ്പൂക്കൾ
മുകരുന്നനേരം ഞാ-
നാ മുഖമനോഹര-
സൗരഭം സ്മരിക്കുന്നു.

ചോലയിൽ ദാഹംമൂലം
ചുണ്ടടുപ്പിക്കെ സ്നിഗ്ദ്ധ-
ലോലമാക്കപോലത്തിൻ
തണുപ്പു ഞാനോർമ്മിപ്പൂ.

മാനസം സ്മരണയാ-
ലുന്മത്തമാവില്ലല്ലോ
ഞാനലഞ്ഞന്വേഷിക്കു-
മോമൽ മിത്ഥ്യയാണെങ്കിൽ.

വല്ലിതൻ പരിമൃദു-
പല്ലവക്കൈത്തണ്ടിന്മേ-
ലുല്ലസന്നീഹാരത്തു-
വെൺവിരിക്കിടക്കമേൽ,

ഇല്ല മേ മനശ്ശാന്തി;
—ഓമലിന്നരികത്തു
വല്ലകാലത്തും ചെല്ലാം;
ഈയാശയാണെൻ ശക്തി.

ക്ഷീണനായ് നിശീഥത്തിൽ
വീതബോധനായ് കാട്ടിൽ
വീണുപോകും ഞാൻ; കാണാ-
തോമലാളട്ടത്തെത്തും;

ശീതളകരത്തിനാൽ
തടവും; പിടഞ്ഞേതല്ലും
പ്രീതനായ് ക്ഷണത്താൽ ഞാൻ
—വിലപിക്കുവാൻ മാത്രം!

ഉറങ്ങും കടലിനെ-
ച്ചെന്നുണർത്തി ഞാൻ 'തോഴർ
പറഞ്ഞുതരണമെ-
ന്നോമലെങ്ങെ'ന്നായ് ചൊല്ലി,

ദീനനാമിവൻ ഭ്രാന്ത-
നാണെന്നു ചിന്തിച്ചാവാം
ഫേനപ്പല്ലിറുമ്മിക്കൊ-
ണ്ടുറക്കെഗ്ഗർജ്ജിക്കുന്നു.

പാദപത്തലപിടി-
ച്ചിടസ്സു കുലുക്കി ഞാൻ
പാരമുൽക്കണ്ഠാഭാര-
മാന്നെത്ര ചോദിച്ചീല!

കമ്പിതാംഗമായ് 'അയ്യോ,
കണ്ടില്ല'യെന്നല്ലാതെ
വെമ്പിട്ടും മരം തരു-
ന്നീല മേ സമാധാനം.

ധ്യാനനിശ്ചലം നില്ക്കും
പർവ്വതം ചൂണ്ടിക്കാട്ടീ
വാനിൻനേർക്കങ്ങത്തിങ്കൽ
വീണു ഞാൻ വിലപിക്കെ;

താനറിഞ്ഞില്ലെന്നപ്പോൾ
സുവ്യക്തമാക്കീ നാകം
മൗനത്താൽ; നിരന്തമോ
ദുസ്സഹം വിരഹം മേ!"

## നവവത്സരം

പേരിന്നുമാത്രം പുതുതായി വത്സരം;
പാരിന്നലത്തേതതിനില്ലൊരന്തരം.
പാരിച്ച കാൽവേഗമെഴുന്ന കാലമേ,
പോരില്ല നിൻ പിൻപുരുളുന്ന മേദിനി!

2

മുററും ചുഴിക്കുത്തിലെഴുന്ന വഞ്ചിപോൽ,
ചുററുന്നതല്ലാതൊരു ബിന്ദുപോലുമേ
പററുന്നതില്ലാ കയറാൻ; നിരന്തരം
തോററും ശ്രമിച്ചും കഴിയുന്നു പാരിടം.

3

ശാപക്കൊടുംതീ പതിയട്ടെ നിൻെറമേൽ
കാപട്യമേ! നീ നയമാമുടുപ്പിനാൽ
രൂപം മറച്ചങ്ങനെ രാജ്യവും ഭരി-
ച്ചാപത്തിനായ് പാപഭരം ചരിക്കുക!

4

ആലസ്യമിന്നും വയറും നിറച്ചിരി-
പ്പോലക്കമേറും കുനിയാത്ത മേടയിൽ;
ഓലക്കുടിൽക്കുള്ളിലെഴും വിനീതമാം
വേലയ്ക്കു കണ്ണീർ വയറാളൽ മാററുവാൻ!

5

നീരത്രയും ഞെക്കിയെടുത്തതാമിളം-
നാരങ്ങപോലായ കവിൾത്തടങ്ങളാൽ
പാരം വിഷാദാവഹമായ്ക്കഴിഞ്ഞൊരീ-
ബ്ഭ്രരംഗമയ്യോ! 'ബലി' വന്നു കാൺകയോ!

# എന്റെ വേളി

വന്നടുത്തെന്നോ വേളി-
മുഹൂർത്തം? പിടക്കാഞ്ഞു
സന്നമാം ഹൃദന്തമേ,
ശാന്തമായിരുന്നാലും!

കാലമെൻ ശിരസ്സിങ്ക-
ലണിയിക്കയായ് മുല്ല-
മാല; ഫാലത്തിൽ ചേർത്തു
കഴിഞ്ഞൂ വരക്കുറി.

വരണം വരൻമാത്ര-
മാസന്നമായിപ്പോയീ
വരണം; സനാതന-
നിയമം ലംഘിക്കാമോ!

2

ഹാ, വിറച്ചുപോം ലോകം
നാമമാത്രത്താൽ, ഞാനാ-
ജ്ജീവിതേശനെപ്പററി-
ക്കേട്ടിരിക്കുന്നു പണ്ടേ!

ഭുവിലദ്ദേഹം നീട്ടും
കൈ തട്ടിനീക്കാനില്ല
ജീവിതം; തദിച്ഛയ്ക്കു
തല ചായ്ക്കാനേ പററൂ

കാമത്തിന്നലംഭാവ-
മില്ലെന്നോ! തത്സന്ദേശ-
സ്തോമമത്തെയെത്തിക്കുന്ന
രാപ്പകൽപ്പിറാവുകൾ

വാനിലെപ്പൊഴും കാണാം
സഞ്ചരിപ്പതായിട്ടു;
ഞാനിവററയെബ്ബന്ധി-
ച്ചീട്ടവാനാശിക്കുന്നു.

പലരെപ്പാണിഗ്രഹം
ചെയ്തിരിക്കുന്നു പണ്ടേ;
പല മന്ദിരത്തിലു-
മിപ്പൊഴും നടക്കുന്നു

പതിഗേഹത്തെപ്പൂകാൻ
യാത്രയാകലും, ബന്ധു-
തതിതൻ നിരത്ഥാശ്രു-
വഷവുമിടയ്ക്കിടെ.

കുടിവച്ചതിൻശേഷം
ജന്മഗേഹത്തെക്കാണാ-
നിടയാക്കുമേകുന്നീ-
ല്ലുഗ്രശാസനനെന്നോ!

ഹാ! തിരിച്ചവിടെനി-
ന്നാഗമിക്കുന്നില്ലാരു-
മോതിടാൻ; അന്തഃപുരം
നാകമോ നരകമോ'

3

മാമകഹൃദന്തത്തിൽ
　　മാറെറാലികൊണ്ടീട്ടന്നു-
ണ്ടാമന്ദം സമീപിക്കും
　　പതിതൻ പദന്യാസം.

കാൽവിനാഴികകൂടി
　　ഞാൻ പിറന്നൊരീ വീട്ടിൽ
മേവിടാൻ കഴിഞ്ഞെങ്കിൽ!
　　—ഇത്ര വേഗമോ യാത്ര!

മേനി മേ വിറയ്ക്കില്ല,
　　ചുണ്ടിണ ചലിക്കില്ല,
ഗ്ലാനി വന്നുദിക്കില്ല,
　　വിളറിപ്പോകില്ലാസ്യം,

സമയം വരുന്നേരം
　　സർവ്വശക്തമാക്കൈയിൽ
മമ ജീവിതം ക്ഷുദ്രം
　　സസ്മിതം സമർപ്പിക്കും.

4

സ്നേഹപൂർണ്ണമായെന്നെ
　　നോക്കി വീർപ്പിട്ടും ജന്മ-
ഗേഹമേ! പൊങ്ങുന്നില്ല
　　യാത്രചോദിപ്പാൻ ശബ്ദം.

ഇന്നു നിൻ സൗന്ദര്യത്തെ-
　　പ്പൂർണ്ണമായ് ഞാൻ കാണുന്നി-
തിന്നു നിൻ പ്രേമംമൂലം
　　മന്മനം പിളരുന്നു.

വിരഹത്തിലല്ലാതെ,
ലാവണ്യം സമഗ്രമായ്
നിരവദ്യമായിട്ടു
കാണുവാൻ കഴിവീല.

പ്രേമത്തിൻ തിളക്കം ക-
ണ്ടതു ചെന്നെട്ടക്കായ്‌വിൻ;
ഭീമമാം ഖഡ്ഗത്തേക്കാൾ
മൂർച്ചയേറിയതത്രേ.

ഉദ്രസം നിഴലുക-
ളന്യോന്യം പുൽകിപ്പുൽകി
നിദ്രചെയ്തിട്ടും പച്ച-
പ്പട്ടാറ്റ നിൻ തോട്ടത്തിൽ

താവുമൗത്സുക്യത്തോടേ
നാളെയും പുലരിയിൽ
പൂവുകൾ ജലാർദ്രമാം
കൺതുറന്നയ്യോ! നോക്കും.

അത്ര വന്നിരിക്കാറു-
ണ്ടവയായ് സംസാരിപ്പാ-
നെത്രയും മെലിഞ്ഞു നീ-
ണ്ടുള്ളൊരു രൂപം സൗമ്യം.

അഴലാലവ പറ-
ഞ്ഞീട്ടമന്യോന്യം നോക്കി:
"നിഴലായിരുന്നെന്നോ
സ്നേഹാധാരമാ രൂപം!"

# നിശാഗീതം

ആദിയുമന്തവുമില്ലാതെ വെണ്മവാ–
ച്ചാദിത്യചന്ദ്രാദിക്കാലംബമായ്,

ജംഗമാജംഗമവ്യാപിയായ് മിന്നുന്ന
മംഗലാത്മാവാകുമംബരമേ,

പുല്ലിൻകൊടികളും കുന്നിന്മുടികളും
പൂരിതവിസ്മയം നോക്കും നിന്നെ

തൻനിഴലാലേ കറുപ്പിച്ചു പോയാലു–
മിന്നിശ തന്മേലലിവുതാക!

2

വാക്കുകളില്ലല്ലോ, മൂകയാമീ രാത്രി
വാഴ്ത്തുവാനാളാമോ നിൻ മാഹാത്മ്യം!

ലോകങ്ങളുണ്ടാകും നില്ക്കും വിലയിക്കു–
മേകാന്തസുന്ദരമായ നിന്നിൽ

വാനമേ, വക്ഷസ്സിലെല്ലാമൊതുക്കും നീ;
താനവതന്നിലൊതുങ്ങാതാനും.

തങ്കലടക്കുകയല്ലാതടങ്ങുമോ
വൻകടൽ കൊച്ചു നീർപ്പോളകളിൽ?

നിൻദയയല്ലയോ വർഷിപ്പു ഭൂമിയിൽ;
നിൻദരഹാസംതാൻ സുപ്രകാശം;

താവകസൗന്ദര്യലേശം മഴവില്ലു;
താവകകോപമശനിപാതം!

ശ്രീലമാം നിൻമുഖഭാവങ്ങളാണാറു-
കാലങ്ങൾ; ആക്കറിയാവു നിന്നെ—

സിദ്ധരും ദേവരുമെന്നും ഭജിക്കുന്ന
ശുദ്ധമായുള്ളോരപാരതയെ!

3

ലോകങ്ങൾക്കൊക്കെയും മേലേ ലസിക്കുന്നോ-
രേകസനാതനാത്മാവങ്ങെങ്ങോ,

മന്നിൻ കരിനിഴലൊന്നിച്ചുളവായോ-
രിന്നിസർഗ്ഗാന്ധയാം രാത്രിയെങ്ങോ?

ജന്മമലിന ഞാനെത്തുമ്പോൾ നിർത്തുന്നു
നിൻമഹാവൈഭവഗാനം പക്ഷി.

പായുന്നു നിന്നടുത്തെത്തുമ്പോൾ തീണ്ടായ്‌വാൻ
പാർശ്വത്തിൽനിന്നന്തി നിൻെറ ദാസി.

'എന്തിത്ര ധിക്കാര'മെന്നു തുടുമിഴി-
'യന്തിമലരി' മിഴിച്ചുനില്പു.

നിർമ്മല, നിന്നെ ഞാൻ പുല്കവേ നിന്ദോക്തി-
മർമ്മരം വ്യാപിപ്പൂ മാമരത്തിൽ.

പൂവിനാൽ പുഞ്ചിരിതൂകിന തൂമലർ-
ക്കാവിൻ മുഖവും കരുവാളിപ്പൂ.

4

ശ്രീമത്താം നിൻ തിരുമാറിൽ മലിനയാം
താമസി, ഞാൻ തലചാച്ചനില്ലേ,

മിന്നുന്ന കണ്ണുനീർത്തുള്ളികളെൻ കണ്ണിൽ
നിന്നുമവിടെയടന്നുവീഴ്കേ,

പ്രേമവിവശം മുടിയിൽ മുകരുന്ന
നീ മറന്നായല്ലോ നിന്നെത്തന്നെ!

കൂരിരുളായാലെന്തെൻ ജന്മം, ത്വൽസ്നേഹ-
പൂരിതമായല്ലോ, ധന്യയായേൻ!

എത്ര തമിസ്രകൾ ഭാവൽക്കസ്പർശത്താൽ
മാത്രം ക്രമത്തിൽ പകലുകളായ്!

താവകാനുഗ്രഹരാസവിദ്യയ്ക്കേതാ-
നാവതല്ലാതുണ്ടോ കാരുണ്യാത്മൻ!

ഇച്ചെളിവാഴ്കുമെൻ ജീവിതലോഹവും
നൽച്ചെമ്പൊന്നായങ്ങു മാറേറണമേ!

## മതി!

മുറുകെ മുകരുമഭ്രലക്ഷ്മിതൻ കാർ-
കുറുനിര തിങ്ങിയ ഭംഗിയാന്ന ശൈലം;
നറുമണി ചിതറുംവിധം ചിരിക്കും
ചെറുപുഴതന്നുടെ ചേണിയന്ന കൂലം;

2

കുല പകുതി ചുവന്ന പച്ചനെല്ലാ-
ലലകൾ നിരന്ന, പരന്ന കൊച്ചുപാടം;
ചലകിസലയരാജി തീർത്ത സാന്ധ്യോ-
ജ്ജ്വലമധുരദ്യുതി പൂണ്ട പുഷ്പവാടം;

3

സുലളിതഹസിതം കലർന്നു തുള്ളും-
മലരിനെയിക്കിളിയാക്കിടുന്ന വാതം;
ഉലകിനു സുഖമൂർച്ഛ നല്കിടുന്നാ-
രലഘുമദാകുലകോകിലാളിഗീതം;

4

ഹരിതഗിരിതടത്തിലാററുവക്ക-
ത്തരിയൊരു ശാന്തി തുളുമ്പിടും കുടീരം;
പരിചിതവനി നീർത്തിയിട്ടിടും പുൽ-
വിരിയിലിരുന്നിടുവാൻ കുറച്ചുനേരം;

5

വഴിയുമമലരാഗമാർന്ന വേൽനേർ-
മിഴിയിൽ മദാശ്രുപൊടിഞ്ഞൊരെൻെറ പുണ്യം
മടിയിൽ—മതി! ജയിച്ചു! സർവ്വമെൻ കൈ-
പ്പിടിയിലൊതുങ്ങി; നമുക്കു വിണ്ണുഗണ്യം!

## ഭൃംഗഗീതി

അംഗസൗഭഗം കണി-
കാണുവാനില്ലാത്തോരു
ഭൃംഗമാണെന്നാലെന്താ-
പ്പൂവിന്നു ഞാനേ ജീവൻ.

പ്രേമത്തിൻ ചില്ലിൽക്കൂടി
നോക്കുമ്പോളേതും തോന്നും
കാമനീയകത്തിന്റെ
കളിവീടായിത്തന്നെ.

2

നെട്ടുവീർപ്പിനാൽ ചുററും
നേർത്ത സൗരഭം വീശി-
ച്ചുട്ടുമുച്ചവെയ്ലത്തും
ചൂടറിഞ്ഞീടാതോമൽ

ചെവിയോർത്തു നിന്നീടും
മൽസമാഗമം മുൻപി-
ട്ടവിടെ ഗ്രഹിപ്പിക്കു-
മെൻ മൂളിപ്പാട്ടിന്നായി.

അരികെച്ചരിക്കുമ്പോ-
ളെന്റെ കാറ്റേറ്റാൽതന്നെ
വിരിയും മുഖം; വേഗ-
മംഗകം വേപംകോലും.

ഞാനടുത്തണഞ്ഞാകിൽ
　　മിണ്ടുകില്ലടക്കിക്കൊ-
ണ്ടാ നറും സ്മിതം, നില്ക്കും
　　കണ്ടഭാവവുമെന്യേ;

മുകരാതെ ഞാൻ പോയാൽ
　　മുശ്ധമാപ്പൃഷ്ഠം ദീന-
മുഖമായ്, തിരിഞ്ഞുനോ-
　　ക്കീടവേ, കാണാം, നോക്കും.

പോകവേ, വീണ്ടും കേൾക്കാ-
　　മെൻെറ ജീവന്നാപ്പൂവിൻ-
മൂകമാം വിളി, തള-
　　ർന്നീട്ടമെൻ ചിറകപ്പോൾ.

ഭാവഗൗരവംമൂലം
　　ശബ്ദത്തേക്കാളും പാരം
ഭാരവത്താകും മൗനം
　　തങ്ങിനില്പീലാ കാററിൽ;

നേരിട്ടു വേഗം ചെന്നു
　　പതിക്കും ഹൃദന്തത്തിൽ,
നേരിയ വികാരത്തിൻ
　　തിരമാലയുണ്ടാക്കും.

എങ്ങനെ പിരിയുമാ
　　നിശ്ശബ്ദപ്രണയത്തെ,—
ച്ചങ്ങലക്കൂടാതെന്നെ-
　　ബ്ബന്ധിച്ച സാമർത്ഥ്യത്തെ!

3

എത്രയും മനോജ്ഞമായ്
നിഴലാൽ വെളിച്ചത്തിൽ
ചിത്രവേലചെയ്തുച്ച-
സ്സുദ്യാനശ്രീ നില്ക്കുമ്പോൾ,

അമരാതാപ്പൂമാറു-
പററി ഞാൻ സുഖിക്കുന്നു;
മമ ഭാരത്താലോമ-
ലെങ്ങാനും തളന്നാലോ!

പ്രണയാന്ധനായ്ത്തീന്നു,
സൗരഭം വീശും ഗാത്രം
പുണരില്ല ഞാൻ ഗാഢം;
പൂവല്ലേ, പതിച്ചാലോ!

ഉത്തരം തരാഞ്ഞാലു-
മോമനപ്പൂവേകാഗ്ര-
ചിത്തമായ് കേൾക്കും മാറിൽ
ചുംബിച്ചു മന്ത്രിക്കുമ്പോൾ.

അരികത്തുനിന്നെങ്ങാൻ
പോകുവാൻ പുറപ്പെട്ടാൽ
തിരിയേ ചെല്ലും യാത്ര-
ചൊല്ലുവാൻ നൂറാവൃത്തി.

കാലമെന്നൊന്നില്ലെന്ന-
ല്ലുഗ്രഭാസ്സുരരശ്മി-
ജ്വാലങ്ങൾ ചൂടില്ലല്ലും
പ്രേമത്തിൽ മുങ്ങിപ്പോയാൽ!

4

എത്തുമെന്നാലും പെട്ടെ-
    ന്നേതൊരു പൂവിൻ കണ്ണും
പൊത്തുവാൻ മടിക്കാത്ത
    നിർവ്വിവേകയാം സന്ധ്യ.

ഹാ, നിലം പതിച്ചീട്ടും
    തെക്കൻകാററടിച്ചാരാൽ,
വാനിലോമലിൻ നിത്യ-
    ചൈതന്യം മറഞ്ഞുപോം.

ഈ വിചാരകാളാഹി
    ചിലപ്പോൾ പടം പൊക്കി-
ബ്ഭീവികമ്പിതമാക്കി-
    ത്തീക്കുന്നു മത്സൗഖ്യത്തെ!

കാലത്തിന്നധീനമാം
    നശ്വരജഗത്തിങ്ക-
ലാലംബഹീനംതന്നെ
    ശാശ്വതശുദ്ധസ്നേഹം.

അലമല്ലലാൽ; വിശ്വ-
    ത്തിൻെറ നശ്വരഭാവം
വിലയും സൗന്ദര്യ്യവും
    വസ്തുക്കൾക്കുണ്ടാക്കുന്നു.

# ഭാവാഭാവം

ഗീതകം

നിമിഷംതോറും രൂപംമാറുന്ന മേഘത്തിൻനേ-
ക്കമിതോൽക്കണ്ഠംനോക്കിനോക്കിക്കൊണ്ടിരിക്കുമ്പോൾ
ഭാവവുമഭാവവുമവിഭാജ്യമായ് ചേന്ന-
താവണം ജഗത്തെന്നു വാദിക്കയാണെൻ മൗനം.

തളിരിൻ ചെംമാണിക്യം മാറവേ പച്ചക്കല്ലായ്,
തെളിവററതും പിന്നെപ്പീതവിദ്രുമമാകേ,
പുലർവേളതൻപൊന്നു വെള്ളിയായ് ചെമ്പായ്‌വീണ്ടും
നിലമാറി രാവിൻെറ കാരിരുമ്പായിപ്പോകേ,

നവബാല്യത്തിൻമൊട്ടു യൗവനം വിടത്തിപ്പോയ്
വിവശം വാടിക്കുമ്പിക്കുനിവീണളിയവേ,
അത്ര ജീവിതത്തിങ്കലൊക്കെയും കാണുന്നു നാം
സത്തയുമസത്തയും തങ്ങളിൽ സമാശ്ലേഷം.

മരണം താനല്ലെങ്കിൽ-
ജ്ജീവിതം, അതിന്മീതേ
സരയം പായും ഛായ,
വസ്തു മറെറാന്നുണ്ടെന്നാൽ.

## ശൈശവം

### ഗീതകം 1

ജീവിതം സ്വയം വേഷംമാറുന്ന മാററത്തോടേ
ഭുവിനും വരും ഭാവഭേദമാണസഹ്യം മേ.
ശൈശവത്തിങ്കൽ കണ്ട ഞാനല്ല ഞാനിക്കാലം
ശൈശവക്കണ്ണാൽ കണ്ട പാരല്ല പാരും നൂനം.

എത്തിട്ടും തൊടാൻ കൈയാലാകാശമെൻ മുററത്തെ-
ഴ്പൂത്തിലഞ്ഞിതൻ കൊമ്പിൽക്കേറിനിന്നെന്നാലന്നാൾ
ഗിരി പിന്നാലേ നിന്നു കൈനീട്ടിയാലും കള്ള-
ച്ചിരിപൂണ്ടോടിപ്പോരും സുപ്രസന്നനാം തിങ്കൾ,
പടുവൃദ്ധനാം മാവിൻ വെൺനരകലർന്നോരു
ജട ചിക്കിനില്ക്കാറുണ്ടെന്നെയും വിളിച്ചാരാൽ;
കിഴവൻ വാത്സല്യത്താൽ വിറയ്ക്കും ചില്ലക്കൈകൊ-
ണ്ടഴകിൽ തലോടാറുണ്ടാ രാവിൻ കുമാരനെ.

ക്രൂരതാരുണ്യം വന്ന-
തെന്തിനെൻ ബാല്യത്തിൻെറ
ദൂരദർശിനി തട്ടി-
പ്പറിപ്പാനസൂയാലു!

### ഗീതകം 2

ജ്ഞാനമെന്തിനു കടന്നീക്കട്ടുംകൈ ചെയ്യുന്നു,
ഞാനകന്നൊരാളായീ വിശ്വത്തിലെല്ലാത്തിന്നും.

മന്ദഭാഗ്യനായിന്നു മാറി; ലാ[illegible]
സുന്ദരപ്രകൃതിതൻ സദ്ഭാവ[illegible]

അന്നുഷസ്സയൽവക്കക്കാരി[illegible]
തന്നുടെ വേലയ്ക്കുണ്ടോ സംഭ്രമിച്ചോടുമ്പോഴും

ചേലിൽ തൻതുടുത്തകൈയെൻനേർക്കു നീട്ടീടാതെ,
വേലിക്കൽവന്നെത്തിച്ചുനോക്കാതെ പോകാറില്ല.

ഉന്മുഖം പനിനീർപ്പൂ ചോരിവാതുറന്നല്ല-
മെന്മുന്നിൽനില്ക്കും മുററത്തൊന്നു ഞാൻ മുകരുവാൻ

കൺമുന്നിൽ കുനിഞ്ഞൊന്നു നിന്നിടും ചിരിപ്പിപ്പാൻ
വെൺമുകിൽനരമീശ വച്ചുകെട്ടിയ വാനം.

അറിവിൻ വെളിച്ചമേ,
ദൂരെപ്പോ, ദൂരെപ്പോ! നീ
വെറുതേ സൗന്ദര്യത്തെ-
ക്കാണുന്ന കൺ പൊട്ടിച്ചു.

ഗീതകം 3

മാനുഷ, ഭവദ്ഭാഷയഭ്യസിച്ചപ്പോൾത്തന്നെ
ഞാനയ്യോ, മറന്നുപോയ് വിശ്വസുന്ദരഭാഷ!

ആ നല്ല ഭാഷയ്ക്കില്ലാ സ്നേഹമല്ലാതേ ശാസ്ത്രം,
ആനന്ദമല്ലാതർത്ഥം, രൂപമല്ലാതേ വൃത്തം.

അന്തിവന്നാകാശത്തിലക്ഷരം കുറിച്ചിട്ടു
ചെന്തളിർക്കൈയാൽ; ദേവി മാറിനിന്നീടും മുൻപേ,

അപ്പൊഴേ മിഴിതുറന്നുള്ള പൂക്കളും ഞാനു-
മൊപ്പമായതു നോക്കിവായിച്ചു ജാതോല്ലാസം

MUL 288514
UNIVERSITY LIBRA
288514
032:1M984:13

ജാലകാന്തികത്തോപ്പാബ്ഭാഷയിൽ പല കഥ-
യാലപിക്കാറുണ്ടെല്ലാം സുഗ്രഹമതിൽപ്പിന്നെ.
മഴയായ്, മരങ്ങളായ്, പൂക്കളായ്, ആംഗ്യംകൂട്ടം
നിഴലായ് സംസാരിച്ചേ;നെല്ലാക്കുമൊരേ ഭാഷ.

മറന്നാൽ മറക്കട്ടെ
മററുള്ളതെല്ലാംതന്നെ,
മറന്നുകഴിഞ്ഞൊരി-
ബ്ഭാഷ കൈവരുമെങ്കിൽ!

ഗീതകം 4

സഞ്ചിതസുകൃതനാം പൈതലേ, താരുണ്യത്താൽ
വഞ്ചിതനായ് ഞാൻ; നിൻെറ നാടിനിദ്ദൂരാപം മേ.
ഇത്രമേൽ പാപാക്രാന്തമിത്രമേൽ പരതന്ത്ര-
മിത്രമേൽ നിരുന്മേഷമല്ല താവകലോകം.

പരബാഷ്പത്തിന്നാററിൽ നീ വഞ്ചികളിപ്പീല;
കരയുന്നു നീ കൊച്ചുതോഴനാം പൂ വീഴുമ്പോൾ;
നീ മുഖസ്തുതിപ്പൂവാലാരെയും പൂജിപ്പീല;
നീ മുടിചൂടിടാത്ത രാജാവാസ്സാമ്രാജ്യത്തിൽ.
മാമരം നിഴൽപ്പട്ടു വിരിപ്പൂ നീ പോകുമ്പോൾ
ത്തുമലർ തലകുനി,ച്ചാചാരം പറയുന്നു,
വല്ലിക'ളിലത്താളം' പിടിക്കെച്ചെടികൾ പൂം-
ചില്ലയാൽ കൈകാണിച്ചു നടനം നടത്തുന്നു.

അന്യമാം പുണ്യസ്ഥലം
പൂകുവാനാശിപ്പീല
ധന്യമാം ശിശുപദ-
പ്പാടാന്ന ദിക്കല്ലാതെ!

## പങ്കജഗീതം

അന്ധമാംതമസ്സിൽനി-
 ന്നത്ഥനാനിരപേക്ഷം
ഹന്ത മാം പ്രകാശത്തെ-
 പ്പൂകിച്ച പുണ്യാലോക,

ലോകബാന്ധവ, ഭവ-
 ത്താദൃശദയാപരീ-
പാകത്തിൻ സ്മരണയാ-
 ലെൻ കരൾ തുളുമ്പാവൂ!

പരിപാവനപ്രേമ,
 തൽകൃതജ്ഞതയ്ക്കുല്പ-
പരിണാഹമെന്നുള്ള-
 മെങ്ങനെ മതിയാവൂ!

നീരവം ദലാധരം
 വെറുതേ ചലിപ്പൂ നിൻ-
സാരമാമപദാനം
 ഗാനത്തിൽ പകത്തുവാൻ.

സേവനവ്യഗ്രാകമ്പി-
 വക്ഷസ്സിൽ ചേക്കാം ദിവ്യ-
താവകപദം, മേന്മേൽ
 മുകരാം, നെടുവീക്കാം

ആവതെന്തല്ലാതെന്നാൽ?
    എന്നശക്തതതന്നെ
ദേവ, ഞാനുപായനീ-
    കരിപ്പൂ തൃപ്പാദത്തിൽ!

2

പാഴ്മണ്ണിൻ വികാരമാം
    ഞാനെങ്ങു? തേജോരൂപ-
ശ്രീമ,നങ്ങെങ്ങീ ക്ഷുദ്ര-
    പങ്കജകപോലത്തെ

നാകത്തെത്തിളക്കുന്ന
    തൃക്കയ്യാൽ—അയ്യാ! മദോ-
ദ്രേകത്താൽ ഞാനെന്മട്ടു
    തുള്ളില്ല—തലോട്ടമ്പോൾ.

ലേഖമാർഗ്ഗസഞ്ചാരിൻ,
    മൽക്കവിൾത്തടരാഗ-
രേഖ നീ പൊറുത്താലും;
    സ്നേഹത്തിൻ ചാപല്യത്താൽ

മുഗ്ദ്ധമാം മദീയാന്ത-
    രംഗം ഹാ, ജഗദ്ഗുരോ,
സ്നിഗ്ദ്ധനായയ്യോ, വെറും
    സ്നിഗ്ദ്ധനായ് ഗണിച്ചല്ലോ.

3

ധീരമാം ഭവദ്രൂപം
    കാണുന്നു ഞാനിക്കൊച്ചു-

നീരലതോറും; താപം
നിന്നെത്താൻ സ്മരിപ്പിപ്പൂ.

വാപിതൻ വിതുമ്പുന്ന
ചുണ്ടിലും ചിരിക്കുന്ന
വാരിജങ്ങൾതൻ തുട്ട-
പ്പേറിട്ടും കവിളിലും

ചേണററ നിൻ ചൈതന്യ-
മൊന്നുതാനൊരേമട്ടിൽ
കാണുവാനെൻ കണ്ണിന്നു
കാഴ്ച നീയരുളാസ്സിൽ

നിദ്രയിൽപ്പിറന്ന ഞാൻ
നിദ്രയിൽജ്ജീവിച്ചേനേ!
നിദ്രയിലവസാന-
കാലത്തു ലയിച്ചേനേ!

ലബ്ധബോധമാം ജന്മ-
ദേശത്തിന്നിളക്കത്താൽ,
ക്ഷുബ്ധമന്തരീക്ഷത്തിൻ
ദുന്നിവാരമാം വീപ്പാൽ,

നിന്മുഖോല്ലസന്നിത്യ-
സൗന്ദര്യം നുകരുവാ-
നുന്മുഖം നില്ക്കും നില്പിൽ
നിന്നു ഞാനുലയൊല്ലേ.

ഉണരാവു നിൻദിവ്യ-
സ്പർശത്താലത്യാരൂഢ-

പ്രണയാന്തരംഗത്തിൽ
ശുദ്ധവാസനയിനി!

ആനന്ദസങ്കല്പങ്ങൾ
നുകരാൻ ചായം തേച്ച
പാനപാത്രമായാവൂ
ക്ഷണഭംഗുരം ജന്മം'

# വന്ദനം തഥാഗത!

വന്ദനം തഥാഗത!
    ഭഗവൻ ദർശിപ്പീലേ
മന്ദഭാഗ്യമായ് തീൎന്ന
    മഹിതാഷ്ടദേശത്തെ?

മുല്ലപ്പൂവൊളിപ്പുകൾ-
    ച്ചിറകാമന്ദം വീശി,-
യുല്ലസൽഭാഗ്യത്തിൻെറ-
    യനുകൂലമാം കാററിൽ,

ഉന്നതസമാധാന-
    വാനത്തിലെല്ലാത്തിന്നും
മുന്നണിയിങ്കൽ പോന്ന
    മുഗ്ദ്ധഹംസമീ രാജ്യം,

ഭൗതികതചത്തിൽ ക്രൂര-
    മ്പേററധൎമ്മത്തിൻ കാട്ടിൽ,
പാതിയും മൃതമായി
    വീണിതാ പിടയ്ക്കുന്നു.

പരനിന്ദതൻ കാര-
    മുള്ളേററും, രക്തം വാൎന്നു
നരകുത്തിയും വീണ്ടു-
    മുയരാൻ ചലിക്കുന്നു.

സായകം മെല്ലെന്നൂരി-
യിതിനെ സ്വാമിൻ, ജീവ-
ദായകമാകും ദിവ്യ-
ഹസ്തത്താൽ തലോടാവൂ!

തുംഗമാം നിജാദശ-
കൈലാസം പൂകിശ്ശാന്തി
മംഗളസരസ്സിങ്കൽ
മഞ്ജുളം ക്രീഡിക്കട്ടെ!

2

പാരതന്ത്ര്യത്തിൻ ചുട്ട
വേനലാൽ മാത്സര്യത്തിൻ
ഘോരദാവാഗ്നിജ്വാലാ-
മാലയാൽ, ദയാമയ,

കേവലം കരിയാറായ്
ഭാരതീയ സംശുദ്ധ-
ജീവിതപുരാതന-
സൗഭാഗ്യമാമൂലാഗ്രം.

വൈരധൂമോൽഗാരത്താ-
ലന്തരീക്ഷാന്തം മ്ലാനം;
സ്വൈരചിന്തതൻ നീച്ചാ-
ലൊക്കെയും പരിശുഷ്കം;

ജ്ഞാനത്തിന്നുറവാകെ
നിന്നെന്നോ മാമൂലിൻെറ
പീനമാം കരിമ്പാറ-
ക്കെട്ടുകൾ മാത്രം കാണാം.

വേരുകൾ ചരിപ്പീല
മൂലസംസ്കാരംതന്നിൽ;
ചേരുമോ നവശക്തി?
നിന്നുണങ്ങുകതന്നെ!

3

ആർഷഭൂവിന്നും ദേവ,
നവ്യമാം ത്വൽസന്ദേശ-
വർഷത്താൽ മുളയ്ക്കുന്ന
പുളകം പൂണ്ടിടാവൂ!

പ്രിയദർശനമാകു-
മാത്മശക്തിതൻ കൂമ്പു
സ്വയമുൽഗമിച്ചായ്ക്കു-
ജീവിതമഹാവൃക്ഷം,

സ്വച്ഛമാമാകാശത്തിൽ
തലപൊക്കാവൂ വീണ്ടും
സ്വച്ഛന്ദം വളച്ചയെ-
പ്പരിപൂർണ്ണമാക്കാനായ്!

ധർമ്മത്തിൻ സുഭഗമാം
ഞെട്ടിമേൽ വിടരുന്ന
കർമ്മപുഷ്പത്താൽ ശാന്തി-
സൗരഭം ചുററും വീശി

പ്രേമശീതളച്ഛായ
നാലുദിക്കിന്നും നല്കി-
യീ മരം ജഗത്തിൻെറ
ശോഭയായ് വളർന്നാവൂ!

ശാന്തവും മധുരവു-
മാക്കട്ടേ ലോകം, തത്ത്വ-
ചിന്തയാം കുയിലിതിൻ-
മേലേറിക്കൂകിക്കൂകി!

വന്ദനം തഥാഗത,
വന്ദനം! ത്യാഗത്തിൻെറ
സുന്ദരപ്രകാശത്തി-
ലെൻെറ നാടണയാവൂ!

# "ഇന്നു ഞാൻ, നാളെ നീ"

'ഇന്നു ഞാൻ, നാളെ നീ, ഇന്നു ഞാൻ, നാളെ നീ'
ഇന്നും പ്രതിധ്വനിക്കുന്നിതെന്നോർമ്മയിൽ!

പാതവക്കത്തെ മരത്തിൻ കരിനിഴൽ
പ്രേതംകണക്കെ ക്ഷണത്താൽ വളരവേ,

എത്രയും പേടിച്ചരണ്ട ചില ശുഷ്ക-
പത്രങ്ങൾ മോഹം കലൎന്നു പതിക്കവേ,

ആസന്നമൃത്യുവാം നിശ്ചേഷ്ടമാരുതൻ
ശ്വാസമിടയ്ക്കിടയ്ക്കാഞ്ഞു വലിക്കവേ,

താരകരത്നഖചിതമാം പട്ടിനാൽ
പാരമലംകൃതമായ വിൺപെട്ടിയിൽ

ചത്ത പകലിൻ ശവം വച്ചെട്ടപ്പതി-
ന്നാത്തമൗനം നാലുദിക്കുകൾ നില്ക്കവേ,

തൻപിതാവിൻ ശവപ്പെട്ടിമേൽ ചുംബിച്ചു
കമ്പിതഗാത്രിയായന്തി മൂർച്ഛിക്കവേ,

ജീവിതംപോലെ രണ്ടറ്റവും കാണാത്തൊ-
രാ വഴിയിങ്കൽ തനിച്ചു ഞാൻ നിന്നുപോയ്.

പക്ഷികൾ പാടിയി,ല്ലാടിയില്ലാലില,-
യിക്ഷിതിതന്നെ മരവിച്ചപോലെയായ്.

അന്തികത്തുള്ളൊരു പള്ളിയിൽനിന്നുടൻ
പൊന്തി 'ണാം ണാ'മെന്നു ദീനമണിസ്വനം.

രണ്ടായിരത്തോളമാണ്ടുകൾക്കപ്പുറ-
ത്തുണ്ടായൊരാ മഹാത്യാഗത്തെയിപ്പൊഴും
മൂകമാണെങ്കിലുമുച്ചത്തിൽ വർണ്ണിക്കു-
മേകമുഖമാം കുരിശിനെ മുത്തുവാൻ
ആരാലിറങ്ങിവരും ചില 'മാലാഖ'-
മാരായ്‌വരാം കണ്ട വെൺമുകിൽത്തുണ്ടുകൾ.
പാപം ഹരിച്ചു പാരിന്നു വിണ്ണേറുവാൻ
പാതകാണിക്കും കുരിശേ, ജയിക്കുക!

ആ വഴിക്കപ്പോളൊരു ദരിദ്രൻെറ നിർ-
ജ്ജീവമാം ദേഹമടക്കിയ പെട്ടി പോയ്,
ഇല്ലാ പെരുമ്പറ, ശ്രദ്ധയാം വിശ്വസ്ത-
വല്ലഭതന്നുടെ നെഞ്ചിടിപ്പെന്നിയേ!
ഇല്ല പൂവർഷം, വിഷാദം കിടന്നല-
തല്ലുന്ന പൈതലിൻ കണ്ണുനീരെന്നിയേ!
വന്നു തറച്ചിതെൻ കണ്ണിലാപ്പെട്ടിമേൽ-
നിന്നുമാറക്ഷരം 'ഇന്നു ഞാൻ, നാളെ നീ.'
ഒന്നു നടുങ്ങി ഞാ,നാ നടുക്കംതന്നെ
മിന്നുമുഡുക്കളിൽ ദൃശ്യമാണിപ്പൊഴും!

# ഹാഫിസ്

(ഒരു പാരസികമഹാകവി)

## വസന്തോത്സവം

പനിനീർപ്പൂവാലെൻെറ
മാറിടം സമാകീർണ്ണം,
തനിമുന്തിരിച്ചാറാൽ
പാനഭാജനം പൂർണ്ണം;

ജീവിതമഹാധന-
മെന്നുരപ്പു ഞാനാരെ,
ആ വിലാസിനി സുഖ-
സുപ്തിചെയ്യുന്നു ചാരെ.

നിലകൊണ്ടാലോചിച്ചാൽ
ഞാനെത്രമാത്രം മേലേ,
നിഖിലക്ഷ്മാപന്മാരും
ജന്മദാസരെപ്പോലേ!

2

ദ്യുവിളക്കണിജ്വാലാ-
മാലതൻ തേജഃപുഞ്ജം
ദ്യുവിയല്ലലം വിള-
ങ്ങുന്നതീ ലതാകുഞ്ജം.

കണ്ണിനിണ പരത്തിടും
വിശദപ്രഭാപൂരം
വെണ്ണിലാവുപോൽ ചേർപ്പൂ
വെളിച്ചം ചൂഴെപ്പാരം.

അനന്യസൗരഭമാകെ
വഞ്ജിക്കാമതിദൂരം
ധന്യമീക്കാർകുന്തള-
ക്കാററുകൊൾകവേ സ്വൈരം.

3

മധു നിർമ്മാധുര്യത്തെ
വാഴ്ത്തുവാങ്ങിക്കാം, സത്യം
മധുരം തവാധര-
മൊന്നുമാത്രം മേ നിത്യം.

വിരഹം വന്നാലോ ഞാൻ
ദുഃഖമൂർച്ഛയിലാഴും,
വിജനം പൂകിജ്ജനം
കാണാതെ താനേ വാഴും.

കേവലം കളിക്കോപ്പാ-
ണധികാരവും, പേരും;
ഏവമെന്തിനോതുന്ന-
തവയെപ്പററി?പ്പോരും.

എന്തിനന്വേഷിക്കുന്നു
മൽപ്രശസ്തിയെ? നീയേ
സന്തതാനന്ദം! നീയേ
പരമം ജയം, ജായേ!

4

എൻ കരത്തിങ്കൽ സ്വാദു-
മദിരാപൂർണ്ണം പാത്രം,
എൻ കണ്ണിൻനേരേ നിൻെറ
മദദീപ്തമാം നേത്രം.

പാനഭാജനം വീണ,
	പരമപ്രേമം കോലും-
പാടലാധരി,യിവ
	കൂടാതെ തെല്ലെന്നാലും.

ഹേ കവേ, കളയൊലാ
	വിഫലം സ്വജീവിതം;
ലോകമോഹനം പുഷ്പ-
	സമയം സമാഗതം!

രാഗവിസ്താരം ചെയ്വൂ
	പികഗായകവ്യൂഹം,
ആഗതമിതാ, രമ്യ-
	വാസന്തമഹാമഹം!

## രാക്കുയിൽ

ഒരു സൈപ്രിസ്സിൽ* നീണ്ട
കോണിലക്കൊമ്പിന്മേൽ മ-
റെറാരു നാൾ ക്ഷമാശാലി
രാക്കുയിലിരിക്കുന്നു

ആശംസിക്കുന്നു: "നറും-
പനിനീർപ്പൂവേ, നിന്നി-
ലേശല്ലേ ഭാഗ്യക്കേടിൻ
കടക്കൺമുനയെന്നും!

ആനന്ദോന്മാദം പാരി-
ന്നരുളും നിൻനേക്കെൻെറ
ഗാനമിന്ന,തിൻ കൃത-
ജ്ഞതയായ് മുഴങ്ങുന്നു.

ചുണ്ടു നീ വിടർത്തുന്നു,
പുതുതാം പ്രതീക്ഷകൾ-
കൊണ്ടുടനോരോ നൊന്ത
കരളും തുടിക്കുന്നു.

രാക്കുയിൽ മാത്രം കേഴാൻ
പാടില്ലാ; ഹാ! വിശ്വാസം
വാഴ്കുന്ന മാർ നിൻ ഗർവ്വിൻ
മുനയാൽ മുറിയാഴ്കു!"

---

* സൈപ്രിസ്: മരണത്തിൻെറ പ്രതീകവും വിഷാദത്തിൻെറ സൂചകവും ആയ ഒരു മരം.

2

ഇല്ല, ഞാൻ ദുഃഖിക്കില്ലാ,
        ദുസ്സഹമല്ലാഞ്ഞിട്ട-
ല്ല,ല്ലലില്ലാഞ്ഞിട്ടല്ലാ
        മൽ പ്രവാസത്താലുള്ളിൽ.

പ്രിയതന്മുഖം നുക-
        ർന്നീടുവാൻ ദാഹിക്കുന്ന
നയനം സ്വയം നീറി-
        നീറിക്കൊണ്ടിരിക്കട്ടെ.

ഞാനതു സഹിക്കുമെൻ
        പിന്നത്തെസ്സമാഗമ-
മാ നയനത്തിന്നേകു-
        മാനന്ദമാണാനന്ദം.

നന്ദനത്തെയും മുല്ലാ-
        ടെതിരേററീടും സ്വർഗ്ഗ-
സുന്ദരീജനത്തെയും
        തേടട്ടേ മതഭ്രാന്തൻ.

മധുശാലയാണെന്റെ
        നന്ദനം,—ആരും വേണ്ടെൻ
മധുബാലയല്ലാതെ
        വാതില്ക്കലെതിരേല്ക്കാൻ.

3

മുന്തിയ തുടുപ്പാർന്ന
        മുന്തിരിക്കള്ളല്ലാതെ-
യെന്തിനു കണ്ണീരിററ-
        ക്കുന്നു, വീണ വായിക്കെ?

ഏകനന്നേരം വന്നു
നിത്തുവാൻ കല്പിച്ചാകിൽ
നീ കഥിക്കക: "ദൈവം
കനിവിൻ നിറവത്രെ."

ചിലക്കു സുഖിക്കാനും
സന്തോഷിക്കാനും, ജന്മം;
ചിരിച്ചാർത്തോട്ടേ, വ്യർത്ഥ-
മാ വിനോദമെന്നാലും.

കദനത്തിൽനിന്നാണെ-
ന്നാഹ്ലാദം; മനശ്ശാന്തി,
കരയുന്നതിലെന്നി-
ക്കാരോമലാളെച്ചൊല്ലി.

4

അഴലിൻ രാവിന്റേയും
നീണ്ട വേർപാടിന്റേയും
നിഴലാകുവാനെന്തേ
ഹേ, കവേ! നിന്നാലാപം?

വിരഹം സംയോഗത്തിൻ
പൂർവ്വഗാമി, വെട്ടത്തിൻ-
വരവന്ധകാരത്തിൻ
പിന്നാലേ;—അറിവീലേ!

# പ്രേമപിപാസ

ആ രാജൽ പ്രഭാതത്തിൽ-
ഉല്ലസിതനായ് വിടർന്നാടി-
യാരാലുല്ലസിക്കുന്ന
ചെമ്പനിനീർപ്പൂവോടായ്

ഗാനമിങ്ങനെ ചെയ്‌വൂ
പൂവനത്തിലെപ്പക്ഷി,
"ആനമിപ്പിച്ചാലും നീ-
യാനനം!, നിന്നെപ്പോലെ

ഈ വനികകെത്തെത്ര
സുന്ദരസുമം വിരി-
ഞ്ഞേവമുല്ലസിച്ചില്ല!
ചത്തു മണ്ണടിഞ്ഞില്ല!"

"ഞാൻ പിറന്നല്ലോ വാടി
വീഴവാനെന്നോർത്തെന്നുൾ-
ക്കാമ്പിലില്ലുഴൽ," തുട-
ന്നരച്ചു ഹസൽപുഷ്പം.

"എങ്കിലും നിജപ്രേമ-
പാത്രത്തിൻ മനശ്ശാന്തി
തൻ കട്ടംവാക്കാൽ ഭഞ്ജി-
ക്കുന്നതല്ലനുരാഗം."

പാനശാലതൻ പടി-
യായിരിക്കട്ടേ നിൻെറ
പാന്ഥമന്ദിരം; പൊടി-
യാർത്തുഴം സോപാനത്തിൽ,

കിടക്കുന്നോരത്ഥിക്കേ
പ്രേമസർവ്വസ്വത്തിൻെറ
കിടയററതാം ദിവ്യ-
നിശ്വാസം ലഭിക്കുന്നു.

തൃഷ നീക്കിയാലോ നീ
ജീവിതത്തിൻ മാണിക്യ-
ചഷകം നിറഞ്ഞേററം
തുളുമ്പും ചെമ്മദ്യത്താൽ,

തവ സാഹസത്തിന്നു
കൺപീലിത്തുമ്പിൽ ചാർത്തു-
മവസാനമററശ്രു-
ബിന്ദുമുത്തുകൾ നേത്രം.

പ്രേമത്തിൻ രഹസ്യങ്ങൾ
മർത്ത്യൻെറ ചുണ്ടത്തല്ല,
പ്രേമത്തിൻ വാസസ്ഥാന-
മജ്ഞാതം വിദൂരസ്ഥം.

ഹാ, സഖി വരൂ! പൊള്ള-
ച്ചിരി നിന്നുപോകുന്നു
നീ സശ്ഥി സമ്മാനിക്കെ
സ്വർഗ്ഗ്യമാം മദ്യത്താലേ

ഹാ, കവേ, ഭവൽ ബാഷ്പ-
    സാഗരത്തിങ്കൽത്തന്നെ-
യാകവേ മുങ്ങിപ്പോയീ
    പ്രജ്ഞയും ക്ഷമയും തേ

ആവുകില്ലുപശമി-
    പ്പിക്കുവാനവസ്ഥാട-
ലാവുകില്ലുപലിപ്സം
    നേത്രത്തിൽനിന്നും മൂടാൻ.

MUL
288514

288514
032:1M984:13
K9

UNIVERSITY LIBRARY
21 FEB 1975
MADRAS.

12.6.71

12 DEC 1960

VB
23/3/81